VOL NO: 10 I ISSUE 41

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com
2026 OCTOBER 10 I ₹10



# ഗ്യാനേഷ് കുമാർ: ഇന്ത്യയുടെ ആത്മാവിനേറ്റ മുറിവ്

ജനാധിപത്യത്തിന്റെ കാവലാളാകേണ്ടവർ തന്നെ ഭരണകൂട താൽപര്യങ്ങൾക്ക് വേണ്ടി വോട്ടവകാശം കവർന്നെടുക്കുമ്പോൾ, ഇന്ത്യയുടെ ആത്മാവിനാണ് ചോര പൊടിയുന്നത്. കോടിക്കണക്കിന് പൗരന്മാരുടെ സമ്മതിദാനാവകാശം നിഷേധിച്ചും ഏകപക്ഷീയമായ നടപടികളിലൂടെ ഭരണഘടനാ മൂല്യങ്ങളെ അട്ടിമറിച്ചും മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ നടത്തുന്ന വഴിവിട്ട നീക്കങ്ങൾ ഇന്ത്യൻ ജനാധിപത്യത്തെ വെന്റിലേറ്ററിലേത്തിക്കുന്ന ഗൗരവതരമായ കാഴ്ചകളോട് ഇനിയും നാം മൗനം പാലിക്കേണ്ടതുണ്ടോ?

## നിഷിദ്ധങ്ങളെ നിസ്സാരമാക്കുന്ന ബാതിനിയ്യാക്കൾ!

## അക്ഷരസമ്പന്നതയിലെ സംസ്കാരശൂന്യത

## ചരിത്രം; ക്വുർആനിന്റെ വീക്ഷണം

റൈഹാൻ ഷഹീദ് ● മുജീബ് ഒട്ടുമ്മൽ ● ഡോ. ഹുസ്ന ഹുസൈൻ





**നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

507
നേർപഥം വാരിക
2026 ഒക്ടോബർ 10
1448 റബീഉൽ ആഖിർ 29
പുസ്തകം 10 / ലക്കം 41

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**





കവർ സ്റ്റോറി




മുജീബ് ഒട്ടുമ്മൽ

ജനാധിപത്യത്തിന്റെ കാവലാളാകേണ്ടവർ തന്നെ ഭരണകൂട താൽപര്യങ്ങൾക്ക് വേണ്ടി വോട്ടവകാശം കവർന്നെടുക്കുമ്പോൾ, ഇന്ത്യയുടെ ആത്മാവിനാണ് ചോര പൊടിയുന്നത്. കോടിക്കണക്കിന് പൗരന്മാരുടെ സമ്മതിദാനാവകാശം നിഷേധിച്ചും ഏകപക്ഷീയമായ നടപടികളിലൂടെ ഭരണഘടനാ മൂല്യങ്ങളെ അട്ടിമറിച്ചും മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ നടത്തുന്ന വഴിവിട്ട നീക്കങ്ങൾ ഇന്ത്യൻ ജനാധിപത്യത്തെ വെന്റിലേറ്ററിലെത്തിക്കുന്ന ഗൗരവതരമായ കാഴ്ചകളോട് ഇനിയും നാം മൗനം പാലിക്കേണ്ടതുണ്ടോ?

**05** മുഖമൊഴി
അക്ഷരസമ്പന്നതയിലെ സംസ്കാരശൂന്യത

**06** ലേഖനം
ആത്മീയതയുടെ മറവിലെ കൊള്ളയും ഫാസിസ്റ്റ് രാഷ്ട്രീയത്തിന്റെ പൊയ്മുഖവും
ഡോ. ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

**09** ലേഖനം
നിഷിദ്ധങ്ങളെ നിസ്സാരമാക്കുന്ന ബാത്വിനിയ്യാക്കൾ!
ശമീർ മദീനി

**18** ചരിത്രപഥം
ശിഅ്ബു അബീത്വാലിബ്: വിശ്വാസം വിശപ്പിനെ അതിജീവിച്ച മലഞ്ചെരിവ്
ഡോ. സി മുഹമ്മദ് റാഫി, ചെമ്പ്ര

**21** ആരോഗ്യപഥം
അൽഷൈമേഴ്സ്; നേരിടേണ്ടത് രോഗിയെയല്ല; രോഗത്തെ
ഡോ. ഹുസ്ന ഹുസൈൻ

**24** പഠനം
ഇമാം പ്രവാചകനും മീതെയോ?
ഡോ. ടി. കെ. യൂസുഫ്

**26** ലേഖനം
ചരിത്രം; ക്വുർആനിന്റെ വീക്ഷണം
റൈഹാൻ ഷഹീദ്

**32** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
അവൾ
ഇഫ്സാന യു.പി.


NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# നന്മയുടെ സന്ദേശം പകരേണ്ടത് മതസംഘടനകളുടെ ധർമം:

## വിസ്ഡം മലപ്പുറം വെസ്റ്റ് ജില്ലാസമ്മേളനം

മമ്പാട്: സമൂഹത്തിനു നന്മയുടെ സന്ദേശം പകരേണ്ടത് മതസംഘടനകളുടെ ധർമമാണെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച ജില്ലാ ആദർശ പഠനസംഗമം അഭിപ്രായപ്പെട്ടു. വർത്തമാനകാലത്ത് സമൂഹത്തെ വഴിതെറ്റിക്കാൻ ബോധപൂർവം പരിശ്രമങ്ങൾ നടക്കുന്നതുകൊണ്ട് ദൈവിക സന്ദേശങ്ങൾ പകർന്നു നൽകാനും നന്മ-തിന്മകൾ വേർതിരിച്ച് ബോധ്യപ്പെടുത്താനുമുള്ള പരിശ്രമങ്ങൾ മത സംഘടനകൾ ജാഗ്രതയോടെ തുടരണം.

സോഷ്യൽ മീഡിയകളിൽ വരുന്ന എല്ലാ വാർത്തകളെയും പിന്തുടർന്ന് സമൂഹത്തിൽ ഭയം സൃഷ്ടിക്കേണ്ടവരല്ല മതസംഘടനകളെന്നും പ്രതിസന്ധികളെ തരണം ചെയ്യാൻ സമൂഹത്തെ പ്രാപ്തരാക്കി, ദിശാബോധം പകർന്നുനൽകുകയാണ് അവയുടെ ദൗത്യമെന്നതും തിരിച്ചറിയാൻ സാധിക്കണമെന്നും ജില്ലാ ആദർശ പഠനസംഗമം ഓർമപ്പെടുത്തി

'വ്യക്തി, സമൂഹം, സംസ്കരണം' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച ആദർശ പഠന ക്യാമ്പ് പ്രമുഖ പണ്ഡിതൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് റഷീദ് കാരപ്പുറം അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ പി.കെ. ബഷീർ, എ.പി. അനിൽകുമാർ എന്നിവർ മുഖ്യാതിഥികളായി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി, ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ്, പ്രൊഫസർ ഹാരിസ് ബിൻ സലീം, സ്വാദിഖ് മദീനി, ഹംസ മദീനി, ശിഹാബ് എടക്കര, സഅ്ഫർ സ്വാദിഖ് മദീനി, ശരീഫ് കാര, സമീർ മുണ്ടേരി എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു..

ക്യാമ്പിന്റെ ഭാഗമായി വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ബാലസമ്മേളനത്തിന് ജൗഹർ ഒഴുകൂർ, ഫൗസുല്ല സി.പി, തൗഫീഖ് അസ്‌ലം, ശമീം ചുങ്കത്തറ, സുഹൈർ മരുത എന്നിവർ നേതൃത്വം നൽകി. ജില്ലാ സെക്രട്ടറി അബ്ദുൽ വഹാബ് സ്വലാഹി, വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.പിപി നസീഫ്, സെക്രട്ടറി ജംഷീർ സ്വലാഹി, അബ്ദുന്നാസിർ സ്വലാഹി, വി കെ അബ്ദുൽ ഗഫൂർ, ശമീം സ്വലാഹി, സ്വിദ്ദീഖ് സ്വലാഹി, അനീസ് തൂത, അർഷിദ് മാനു പ്രസംഗിച്ചു.

# ആത്മീയ ചൂഷണ കേന്ദ്രങ്ങൾക്കെതിരെ നടപടി അനിവാര്യം:

## വിസ്ഡം കാസർകോട് ജില്ലാ ആദർശ സമ്മേളനം

കാസർകോട്: സമൂഹത്തിന്റെ അജ്ഞതയും വിശ്വാസ താൽപര്യങ്ങളും ചൂഷണം ചെയ്ത് ആത്മീയതയുടെ മറവിൽ വലിയ തട്ടിപ്പുകളാണ് നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നതെന്നും ആത്മീയ ചികിത്സ എന്ന പേരിൽ സാധാരണക്കാരെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന ഇത്തരം കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കാസർകോട് ജില്ലാ കമ്മിറ്റി മൊഗ്രാലിൽ സംഘടിപ്പിച്ച ജില്ലാ ആദർശ സമ്മേളനം ആവശ്യപ്പെട്ടു.

കേരളത്തിന്റെ പലഭാഗങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഏതൊരു സാധാരണക്കാരനും സിദ്ധവേഷം കെട്ടി ഒരു സുപ്രഭാതത്തിൽ ചികിത്സ തുടങ്ങാം എന്ന അവസ്ഥയിൽ വരെ കാര്യങ്ങൾ എത്തി നിൽക്കുന്നു. ആത്മീയ ചൂഷണകേന്ദ്രങ്ങളെ ഇല്ലാതാക്കാൻ അതാത് സമുദായങ്ങളിലുള്ളവർ തന്നെ രംഗത്തു വരേണ്ടതുണ്ട്.

വിസ്ഡം ഇസ് ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി അബ്ദുൽ മാലിക് സലഫി ഉദ്ഘാടനം ചെയ്തു. വിസ്ഡം ജില്ലാ പ്രസിഡന്റ് അബൂബക്കർ ഉപ്പള അധ്യക്ഷത വഹിച്ചു. മുനവ്വർ സ്വലാഹി, മുജാഹിദ് അൽഹികമി, മൂസ സ്വലാഹി കാര എന്നിവർ പ്രഭാഷണം നടത്തി. വിസ്ഡം ജില്ലാ സെക്രട്ടറി ആർ.കെ. അബ്ദുറഹ്മാൻ, ശിഹാബ് മൊഗ്രാൽ, അനീസ് മദനി, ജാഫർ മൊഗ്രാൽ, അഷ്കർ ഇബ്റാഹിം പ്രസംഗിച്ചു.

# അക്ഷരസമ്പന്നതയിലെ സംസ്കാരശൂന്യത

വിജ്ഞാനത്തിന്റെയും സാങ്കേതികവിദ്യയുടെയും ഉച്ചകോടിയിലാണ് ആധുനിക മനുഷ്യൻ ജീവിക്കുന്നത്. ലോകത്തിന്റെ ഏതറ്റത്തുമുള്ള വിവരങ്ങളും വിരൽത്തുമ്പിൽ ലഭ്യമാകുന്ന, സാക്ഷരതയും വിദ്യഭ്യാസയോഗ്യതകളും സർവസാധാരണമായ ഒരു കാലഘട്ടം. വസ്ത്രധാരണത്തിലും വാഗ്ധോരണികളിലും ആധുനികത നടിക്കുമ്പോഴും വ്യക്തിബന്ധങ്ങളിലും സാമൂഹിക ജീവിതത്തിലും അസഹിഷ്ണുതയും സ്വാർഥതയും ധാർമിക ച്യുതിയും അനാദരവും കൊടികുത്തിവാഴുന്നു.

വിദ്യഭ്യാസവും സാങ്കേതിക വിദ്യയും വർധിച്ചതുകൊണ്ടു മാത്രം ഒരാൾ സംസ്കാരസമ്പന്നനാകുന്നില്ല എന്നതാണു യാഥാർഥ്യം. സോഷ്യൽ മീഡിയകളിൽ നടക്കുന്ന ആൾക്കൂട്ട ആക്രമണങ്ങൾ, ഭാഷയിലെ അശ്ലീലത, മാതാപിതാക്കളോടും മുതിർന്നവരോടുമുള്ള അനാദരവ്, അയൽപക്കബന്ധങ്ങളിലെ വിള്ളലുകൾ എന്നിവയെല്ലാം ആധുനിക മനുഷ്യൻ നേരിടുന്ന ആത്മീയവും ധാർമികവുമായ വന്ധ്യതയെയാണ് ചൂണ്ടിക്കാണിക്കുന്നത്.

ഇവിടെയാണ് ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിലെ സംസ്കാരം (അദബ്) പ്രസക്തമാകുന്നത്. ഇസ്‌ലാം കേവലം ചില അനുഷ്ഠാനങ്ങളുടെ സമാഹാരമല്ല; മറിച്ച് അത് സമ്പൂർണമായ ഒരു ജീവിതസംസ്കാരമാണ്. മുഹമ്മദ് നബി(സ്വ) തന്റെ നിയോഗലക്ഷ്യത്തെക്കുറിച്ച് പ്രഖ്യാപിച്ചത് 'ഉത്തമമായ സ്വഭാവഗുണങ്ങളെ പൂർത്തീകരിക്കാനാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്' എന്നാണ്. ഭൗതിക നേട്ടങ്ങളെക്കാളും അറിവിനെക്കാളും ഉപരിയായി മനുഷ്യന്റെ മനസ്സിന്റെയും പെരുമാറ്റത്തിന്റെയും വിശുദ്ധിക്കാണ് ഇസ്‌ലാം പ്രാമുഖ്യം നൽകുന്നത്. സ്വഭാവം മാന്യമല്ലെങ്കിൽ അറിവുകൊണ്ട് എന്തു കാര്യം?

'മറ്റുള്ളവർ ആരുടെ നാവിൽനിന്നും കരങ്ങളിൽനിന്നും സുരക്ഷിതരാകുന്നുവോ അവനാണ് യഥാർഥ മുസ്‌ലിം' എന്ന പ്രവാചക വചനം, സഹജീവികളോടുള്ള പെരുമാറ്റ രീതിയെ കൃത്യമായി നിർവചിക്കുന്നു. സൈബർ ഇടങ്ങളിൽ വ്യക്തിഹത്യ നടത്തുന്നതും ചീത്തവാക്കുകൾ ഉപയോഗിക്കുന്നതും ഈ മൂല്യത്തിന് തീർത്തും വിരുദ്ധമാണ്.

സ്വന്തം തെറ്റുകളെ വിസ്മരിച്ച് മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ തികഞ്ഞെടുത്ത് സോഷ്യൽ മീഡിയക ളിലൂടെ പ്രചരിപ്പിക്കുന്നത് വിവരമില്ലാത്തവരല്ല! ലക്ഷ്യം ലൈക്കും റീച്ചും പിന്നെ അപരവിദ്വേഷം പ്രകടിപ്പിക്കലും തന്നെ.

'അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറുനിറച്ച് ഉണ്ണുന്നവൻ നമ്മിൽപെട്ടവനല്ല' എന്ന പ്രവാചകാധ്യാപനത്തെ പരിഹസിച്ച് അതിലെ വാക്കുകളെ ലൈംഗിക ചുവയുള്ളതാക്കി മാറ്റിയുള്ള ഒരു ഫേസ് ബുക്ക് പോസ്റ്റ് കാണാനിടയായി. ഇതുപോലെ, ചിലരുടെ മനസ്സ് എത്രമാത്രം വിദ്വേഷ വിഷം നിറഞ്ഞതാണെന്ന് വ്യക്തമാക്കുന്ന നിരവധി എഴുത്തുകളും വീഡിയോകളും ദിനേന നാം സോഷ്യൽ മീഡിയകളിലൂടെ കണ്ടുകൊണ്ടിരിക്കുന്നു!

ബാഹ്യമായ തിളക്കങ്ങളിൽ മയങ്ങി ആന്തരികമായ മൂല്യങ്ങളെ കൈവെടിയുന്ന അവസ്ഥയിൽനിന്ന് തിരിച്ചുനടന്നേ മതിയാവൂ. ധാർമികമായ അടിത്തറയില്ലാത്ത പുരോഗതി വിനാശത്തിലേക്കാണു നയിക്കുക. ദൈവബോധത്തിലൂന്നിയ ഉത്തമ സ്വഭാവരൂപീകരണത്തിലൂടെ മാത്രമെ മനുഷ്യന് തന്റെ ആന്തരിക ശൂന്യതയെ നികത്താനും സംസ്കാര സമ്പന്നനാകാനും സാധിക്കൂ. വിശുദ്ധ ക്വുർആനിന്റെയും പ്രവാചകാധ്യാപനങ്ങളുടെ പ്രകാശത്തിൽ സ്വന്തം ജീവിതത്തെയും പെരുമാറ്റത്തെയും ശുദ്ധീകരിക്കാൻ നാം തയ്യാറാകേണ്ടതുണ്ട്.




# ആത്മീയതയുടെ മറവിലെ കൊള്ളയും ഫാസിസ്റ്റ് രാഷ്ട്രീയത്തിന്റെ പൊയ്മുഖവും

ഡോ. ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
: 9497385707

മാനുഷിക മൂല്യങ്ങളുടെയും ആന്തരിക ശുദ്ധീകരണത്തിന്റെയും ഉപാധിയാകേണ്ട ആത്മീയത, സമകാലിക ഇന്ത്യയിൽ രാഷ്ട്രീയ അധികാരത്തിലേക്കുള്ള ചവിട്ടുപടിയായും വൻകിട സാമ്പത്തിക കൊള്ളയ്ക്കുള്ള ആയുധമായും മാറ്റിത്തീർക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ ഏറ്റവും പ്രകടവും വേദനാജനകവുമായ ഉദാഹരണമാണ് ഉത്തർപ്രദേശിലെ ഫൈസാബാദിൽ നിർമിക്കപ്പെട്ട രാമക്ഷേത്രവുമായി ബന്ധപ്പെട്ട് പുറത്തുവരുന്ന വൻ സാമ്പത്തിക തട്ടിപ്പു വാർത്തകൾ.

നൂറ്റാണ്ടുകളായി ഒരു ജനവിഭാഗം ആരാധന നടത്തിപ്പോന്ന ഒരു ആരാധനാകേന്ദ്രം കായികബലവും രാഷ്ട്രീയ സ്വാധീനവും ഉപയോഗിച്ച് കൈക്കലാക്കിയവർ, ഭക്തരുടെ വികാരങ്ങളെ വിറ്റ് കാശാക്കുന്ന വൻകിട വാണിഭ ലോബിയായി മാറിയിരിക്കുന്നു. ആത്മീയതയുടെ കപടമായ പിൻബലമുണ്ടെങ്കിൽ ആർക്കും ആരെയും വഞ്ചിക്കാമെന്ന ഫാസിസ്റ്റ് ബോധ്യത്തിന്റെ ഉരകല്ലാണ് ഫൈസാബാദിലെ ആധുനിക അയോധ്യയിൽ ഇന്ന് ദൃശ്യമാകുന്നത്.

ചരിത്രത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ, ഫൈസാബാദിലെ തർക്കങ്ങൾ കേവലം ഒരു ഭൂമി തർക്കമായിരുന്നില്ല, മറിച്ച് ഒരു പ്രത്യേക രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിന് രാജ്യത്ത് ആധിപത്യം ഉറപ്പിക്കാനുള്ള ആസൂത്രിത അജണ്ടയായിരുന്നു എന്നു വ്യക്തമാകും. ബാബരി മസ്ജിദ് ധ്വംസനം ഇന്ത്യയുടെ മതേതരത്വത്തി

ന്മേലുള്ള കരിനിഴലായി മാറി. നിയമവ്യവസ്ഥയെയും ഭരണഘടനാ തത്ത്വങ്ങളെയും വെല്ലുവിളിച്ചുകൊണ്ടാണ് അത് അരങ്ങേറിയത്. ജനക്കൂട്ടത്തിന്റെ ആക്രോശങ്ങൾക്ക് ഭരണകൂട പിന്തുണ കൂടി ലഭിച്ചതോടെയാണ് വലിയൊരു വാണിഭ സാമ്രാജ്യത്തിന്റെ അടിത്തറ അവിടെ പാകപ്പെടുന്നത്.

അക്രമത്തിലൂടെയും കയ്യേറ്റത്തിലൂടെയും പിടിച്ചെടുക്കുന്ന ഏതൊരു കേന്ദ്രവും ഒടുവിൽ നാശത്തിലേക്കും വലിയ അഴിമതിയിലേക്കും ചെന്നെത്തിനിൽക്കും എന്ന ചരിത്രസത്യം ഫൈസാബാദിലും ആവർത്തിക്കുകയാണ്. ആത്മീയതയുടെ പവിത്രതയല്ല, മറിച്ച് അന്യവൽക്കരണത്തിന്റെയും അടിച്ചമർത്തലിന്റെയും രാഷ്ട്രീയമാണ് ഇതിന്റെ മൂലകാരണം. ഭൂരിപക്ഷ വികാരത്തെ ഉണർത്തിവിട്ട് അധികാരം നിലനിർത്താൻ ശ്രമിക്കുന്ന ഫാസിസ്റ്റ് ശക്തികൾക്ക് ഭക്തി എന്നത് ഒരു വിപണനച്ചരക്ക് മാത്രമാണെന്ന് ഈ സംഭവങ്ങൾ ഒരിക്കൽ കൂടി തെളിയിക്കുന്നു.

ഫൈസാബാദിലെ രാമക്ഷേത്ര നിർമാണത്തിനായി രൂപീകരിച്ച 'ശ്രീരാമ ജന്മഭൂമി തീർത്ഥ ക്ഷേത്ര ട്രസ്റ്റ്' അഴിമതിക്കാരുടെയും കൊള്ളക്കാരുടെയും താവളമായി മാറിയിരിക്കുന്നു എന്ന് ഏതെങ്കിലും അന്യമതവിഭാഗക്കാരല്ല, ഈ പ്രസ്ഥാനത്തിന്റെ മുന്നണിയിൽ പോരാടിയ മുൻ കർസേവകർ തന്നെയാണ് ഇപ്പോൾ വിളിച്ചുപറയുന്നത്. പേരും പെരുമയും നേടിയെടുത്ത കർസേവകനായ സന്തോഷ് ദുബെ ഉത്തർപ്രദേശ് പോലീസിന് നൽകിയ പരാതിയും അദ്ദേഹത്തിന്റെ തുറന്നുപറച്ചിലുകളും ഭക്തിയുടെ പേരിൽ നടക്കുന്ന ഈ കൊള്ളയുടെ ആഴം വ്യക്തമാക്കുന്നു. 'കൊള്ളക്കാരെ ട്രസ്റ്റ് അംഗങ്ങളാക്കി' എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഇനിയെങ്കിലും 'ഭക്തകോടികളുടെ' കണ്ണുതുറപ്പിക്കേണ്ടതാണ്.

ഡൽഹിയിൽനിന്നുള്ള ഉന്നത രാഷ്ട്രീയ തീരുമാനപ്രകാരമാണ് അഴിമതിക്കാരെ ട്രസ്റ്റിൽ കുടിയിരുത്തിയതെന്ന് സന്തോഷ് ദുബെ ആരോപിക്കുന്നു. ജയിലിൽ കിടക്കേണ്ടവരെയും സാമ്പത്തിക കുറ്റകൃത്യങ്ങളിൽ പങ്കാളികളായവരെയും രക്ഷപ്പെടുത്താനും, അവർക്ക് പുതിയ പദവികൾ നൽകി ആദരിക്കാനുമാണ് ട്രസ്റ്റ് ശ്രമിക്കുന്നത്. ചമ്പത് റായി, അനിൽ മിശ്ര തുടങ്ങിയ ഉന്നതർ ഇതിനു മറുപടി പറയേണ്ടിവരുമെന്നും, തങ്ങളെപ്പോലെ ജീവൻ പണയപ്പെടുത്തി പോരാടിയവരെ തഴഞ്ഞ് മാഫിയകളെ വാഴിക്കുകയാണ് ഇവർ ചെയ്യുന്നതെന്നും കർസേവകർ തന്നെ പരസ്യമായി വിമർശിക്കുന്നു. നിലവിലുള്ള ട്രസ്റ്റ് പിരിച്ചുവിട്ട് പുതിയൊരു ഭരണസംവിധാനം കൊണ്ടുവരണമെന്നാണ് ഇവരുടെ ആവശ്യം.

ശ്രീരാമന്റെ പേരിൽ സാധാരണക്കാരായ വിശ്വാസികളിൽനിന്നും ദരിദ്രരിൽനിന്നും പിരിച്ചെടുത്ത ലക്ഷക്കണക്കിന് കോടി രൂപ എങ്ങോട്ടാണ് പോയത് എന്ന ചോദ്യം പ്രസക്തമാണ്. ഭൂമി ഇടപാടുകളിലും ക്ഷേത്ര നിർമാണ സാമഗ്രികളുടെ വാങ്ങലിലും വൻതോതിൽ അഴിമതി നടന്നതായി രേഖകൾ പുറത്തുവന്നിട്ടുണ്ട്. കുറഞ്ഞ വിലയുള്ള ഭൂമി മിനിറ്റുകൾക്കകം കോടികൾ വിലയിട്ട് ട്രസ്റ്റ് വാങ്ങിക്കൂട്ടിയ വാർത്തകൾ മാധ്യമങ്ങൾ നേരത്തെ പുറത്തുവിട്ടിരുന്നു. ഭക്തി എന്നത് ജനങ്ങളുടെ ഏറ്റവും വലിയ ദുർബലതയാണെന്ന് മനസ്സിലാക്കിയ രാഷ്ട്രീയ പിന്നാമ്പുറ ലോബികൾ, ആ വികാരത്തെ ചൂഷണം ചെയ്ത് തങ്ങളുടെ കീശ വീർപ്പിക്കുകയാണ് ചെയ്യുന്നത്.

ആത്മീയതയുടെ കപട മുഖംമൂടി അണിഞ്ഞവർക്ക് ജാതി, മത, വർഗ, വർണ ഭേദമന്യെ നിയമത്തിൽ നിന്നും സമൂഹത്തിൽ നിന്നും എളുപ്പത്തിൽ രക്ഷപ്പെടാൻ സാധിക്കുന്നു. കാരണം, അവർക്കെതിരെ സംസാരിക്കുന്നത് ദൈവത്തിനെതിരെ സംസാരിക്കുന്നതിന് തുല്യമായി ഇന്ത്യയിൽ ചിത്രീകരിക്കപ്പെടുന്നു. ഈ ഭയത്തെയാണ് അഴിമതിക്കാർ തങ്ങളുടെ പ്രതിരോധ കവചമാക്കുന്നത്. എന്നാൽ, ഭക്തിയുടെ പേരിൽ നടക്കുന്ന ഈ കച്ചവടം തങ്ങളുടെ വിശ്വാസത്തോടുള്ള കടുത്ത ദ്രോഹമാണെന്ന് തിരിച്ചറിവുള്ളവർക്കുപോലും ഇത്തരം സന്ദർഭങ്ങളിൽ മൗനമാണ് ഏറ്റവുമിഷ്ടം.

വിശ്വഹിന്ദു പരിഷത്ത്, ആർ.എസ്.എസ്, ഭാരതീയ ജനതാ പാർട്ടി തുടങ്ങിയ സംഘടനകൾ ആത്മീയതയെയും ശ്രീരാമനെയും കേവലം പണമുണ്ടാക്കാനും വോട്ട് നേടാനുമുള്ള മാർഗമായി മാത്രമാണ് ഉപയോഗിച്ചതെന്നതിന് ഈ സംഭവങ്ങൾ ഒരിക്കൽ കൂടി അടിവരയിടുന്നു. അധികാരത്തിന്റെ മുകളിൽ ഇരിക്കുന്നവർക്ക് തങ്ങളുടെ ഫാസിസ്റ്റ് അജണ്ടകൾ നടപ്പിലാക്കാൻ ഭക്തി ഒരു മറ മാത്രമാണ്. എന്നാൽ, അധർമത്തിന്റെ പാതയിലൂടെയും അപരനെ ദ്രോഹിച്ചും കെട്ടിപ്പടുക്കുന്ന സാമ്രാജ്യങ്ങൾ ഒരിക്കലും അധികകാലം നിലനിൽക്കില്ല എന്ന മുന്നറിയിപ്പാണ് രാമക്ഷേത്രത്തിനു പിന്നിലെ ആഭ്യന്തര കലഹങ്ങൾ നൽകുന്നത്.

വർഗീയതയും കായികബലവും ഉപയോഗിച്ച് ഒരു സമൂഹത്തെ എത്രകാലം അടിച്ചമർത്താൻ സാധിക്കും? ജനങ്ങളെ

ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രം താൽക്കാലിക ലാഭങ്ങൾ നൽകുമെങ്കിലും, അത് സമൂഹത്തിൽ വിതയ്ക്കുന്ന വിദ്വേഷത്തിന്റെ വിത്തുകൾ ഒടുവിൽ ഈ ഭരണാധികാരികളെത്തന്നെ വിഴുങ്ങും. അയോധ്യയിലെ തട്ടിപ്പുകൾ പുറത്തുവരുമ്പോൾ അത് ബിജെപി ഉൾപ്പെടുന്ന ഫാസിസ്റ്റ് രാഷ്ട്രീയത്തിനുള്ള ശക്തമായ താക്കീതും ഒരുവേള തിരുത്തൽ മുന്നറിയിപ്പുമായി മാറുന്നു.

ഈ സംഭവം എല്ലാ സാധാരണ മനുഷ്യർക്കും ഒരു വലിയ മുൻകരുതലാണ്. ആത്മീയത എന്നത് ബാഹ്യമായ ആഡംബരങ്ങളിലോ പ്രകടനങ്ങളിലോ വലിയ കെട്ടിടങ്ങളിലോ അല്ല അടങ്ങിയിരിക്കുന്നത്. മനുഷ്യനെ സ്നേഹിക്കാനും ഭൂമിയിൽ നീതിയോടെ ജീവിക്കാനും പഠിപ്പിക്കാത്ത ഒന്നിനെയും ആത്മീയത എന്ന് വിളിക്കാൻ കഴിയില്ല. മതഭ്രാന്തിനും അന്ധമായ ഭക്തിക്കും പിന്നാലെ പോകുന്നവർ തങ്ങൾ വഞ്ചിക്കപ്പെടുകയാണെന്നു തിരിച്ചറിയണം.

കയ്യൂക്കും കായികബലവും കപട ചരിത്രവുമുപയോഗിച്ച് പിടിച്ചെടുക്കുന്നവയെല്ലാം ഒടുവിൽ അഴിമതിയുടെയും അധർമത്തിന്റെയും കേന്ദ്രങ്ങളായി മാറും എന്നതിന് രാമക്ഷേത്ര നിർമാണം ഒരു വലിയ ദൃഷ്ടാന്തമാണ്. ജനങ്ങൾ കൂടുതൽ ബോധവാന്മാരാകുകയും, ആത്മീയതയുടെ മറവിൽ നടക്കുന്ന രാഷ്ട്രീയ-സാമ്പത്തിക ചൂഷണങ്ങളെ ചോദ്യം ചെയ്യാൻ തയ്യാറാകുകയും വേണം. എങ്കിൽ മാത്രമെ ജനാധിപത്യവും മാനവികതയും അതിന്റെ യഥാർഥ മൂല്യത്തോടെ ഈ രാജ്യത്ത് നിലനിൽക്കുകയുള്ളൂ. ■




# നിഷിദ്ധങ്ങളെ നിസ്സാരമാക്കുന്ന ബാത്വിനിയ്യാക്കൾ!

ശമീർ മദീനി
: 9048 221 212

നിഷിദ്ധങ്ങളെ അഥവാ ഹറാമുകളെ വളരെ ഗൗരവതരമായിട്ടാണ് വിശ്വാസികൾ കാണുക. റബ്ബിന്റെ കാരുണ്യത്തിൽനിന്ന് അകലാനും കോപം കരസ്ഥമാക്കുന്നതിനും കാരണമാകും എന്നതിനാൽ  അവയിൽ നിന്ന് പരമാവധി അകലം പാലിക്കാനായിരിക്കും ഒരു യഥാർഥ വിശ്വാസി ശ്രമിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നത്. അഥവാ വല്ല തിന്മകളും സംഭവിച്ചുപോയാൽ ഉടനെ റബ്ബിലേക്ക് ഖേദിച്ചു മടങ്ങുകയും പശ്ചാത്തപിക്കുകയും ചെയ്യും.

തെറ്റ് സംഭവിച്ചുപോയാലുള്ള വിശ്വാസിയുടെ മാനസികാവസ്ഥ ഇബ്നു അബ്ബാസ്(റ) ചിത്രീകരിക്കുന്നത് ഇങ്ങനെയാണ്: “ഇടിഞ്ഞു വീഴാറായ ഒരു മലയുടെ അടിയിൽ അഭയം തേടിയ മനുഷ്യനെ പോലെയാണ് തെറ്റിലകപ്പെട്ട സത്യവിശ്വാസി! ആകെ അസ്വസ്ഥമായിരിക്കും അയാളുടെ മനസ്സ്. എന്നാൽ കപട വിശ്വാസി (മുനാഫിഖ്) തന്റെ തെറ്റുകളെ കാണുന്നത് മൂക്കിനു സമീപത്തുകൂടി പറന്നുപോയ ഒരു ഈച്ചയെപ്പോലെ ആയിരിക്കും” (ബുഖാരി).

ബാത്വിനിയാക്കൾ എന്ന ഉൾസാര വ്യാഖ്യാനത്തിന്റെ വക്താക്കൾ തിന്മകളെ വളരെ ലാഘവത്തോടെയാണു കാണുന്നത്. ഏത് നിഷിദ്ധങ്ങളും അവർക്ക് പ്രശ്നമല്ല. അതിന്റെ അടിസ്ഥാന കാരണം ഇക്കൂട്ടർക്ക് മതത്തിലോ മതപരമായ അധ്യാപനങ്ങളിലോ വിശ്വാസമില്ല എന്നതു തന്നെയാണ്.

ബാത്വിനിയാക്കളിലെ അവാന്തര വിഭാഗങ്ങളാണ് ഇസ്മാഈലിയ, ബാബകിയ, മുഹമ്മിറ, ഖറാമിത്വ എന്നീ വിഭാഗങ്ങൾ. ഹറാമുകൾ എന്ന ഒരു ഇനം തന്നെ അവർക്കു പരിചയമില്ല. ഇസ്മായിലിയാക്കളെ കുറിച്ച് ഇബ്നുൽ ജൗസി(റഹി) തന്റെ 'തൽബീസു ഇബ്ലീസ്' എന്ന ഗ്രന്ഥത്തിൽ പറയുന്നത് കാണുക:

"റാവന്തിയിൽ ഉണ്ടായിരുന്ന പാണ്ടു രോഗിയായ അബ്ലഖ് എന്ന മനുഷ്യൻ ഒരിക്കൽ ഉച്ചത്തിൽ അലറിക്കരഞ്ഞുകൊണ്ട്, ഈസാ നബിയുടെ ആത്മാവ് ഇമാമീങ്ങളിലൂടെ മാറിമാറി ഇബ്റാഹീം ഇബ്നു മുഹമ്മദ് എന്ന ആളിലേക്ക് എത്തിയെന്നും അവർക്ക് നിഷിദ്ധങ്ങൾ ഒന്നുമില്ല; എല്ലാം അനുവദനീയമാണെന്നും അയാൾ വിളിച്ചു പറഞ്ഞു."

അവരിലെ ചിലർ തങ്ങളുടെ വീട്ടിലേക്ക് ഒരു സംഘം ആളുകളെ വിളിക്കും. എന്നിട്ട് അവർക്ക് അന്നപാനീയങ്ങൾ നൽകി സൽക്കരിക്കും. ശേഷം തങ്ങളുടെ ഭാര്യമാരോടൊപ്പം ശയിക്കുവാൻ പ്രേരി പ്പിക്കും. ഈ വിവരം ഭരണാധികാരിയായ അസദ് ബിൻ അബ്ദുല്ലയുടെ അടുക്കൽ എത്തിയപ്പോൾ അവരെ കൊന്നുകളയാൻ അദ്ദേഹം ഉത്തരവിട്ടതായി ഇമാം ത്വബ്രി(റഹി) തന്റെ താരീഖിൽ (പേജ് 114) ഉദ്ധരിച്ചിട്ടു ള്ളതായി ഇബ്നുൽ ജൗസി(റഹി) രേഖപ്പെടുത്തുന്നു.

അവരിലെ മറ്റൊരു വിഭാഗമായ ബാബകിയാക്കളെക്കുറിച്ച് അദ്ദേഹം പറയുന്നത് കാണുക: "ബാബകുൽ കർമി എന്നയാളെ പിൻപറ്റുന്നവരാണ് ഇവർ. ഹിജ്റ 211ൽ അസർബൈജാനിലെ ചില മലനിരകളിൽനിന്ന് രംഗപ്രവേശം ചെയ്തയാളാണ് ഇയാൾ. അയാൾ ഒരു ജാരസന്തതിയായിരുന്നുവത്രേ. അദ്ദേഹത്തെ എന്തോ വലിയ മനുഷ്യനായിക്കണ്ട് കുറെ ആളുകൾ അയാളുടെ കൂടെ കൂടി. നിഷിദ്ധങ്ങളെല്ലാം അനുവദനീയമായി കണ്ടവരായിരുന്നു അവർ. എത്രത്തോളമെന്നാൽ, ഒരാൾക്ക് സുന്ദരിയായ ഒരു മകളോ സഹോദരിയോ ഉള്ളതായി അറിഞ്ഞാൽ അവളെ വിട്ടുതരാൻ ഇവർ അയാളോട് ആവശ്യപ്പെടുമായിരുന്നു. വിട്ടുകൊടുത്തില്ലെങ്കിൽ അയാളെ കൊന്നിട്ട് ആ സ്ത്രീയെ കൊണ്ടുപോകുമായിരുന്നുവത്രെ! ഇങ്ങനെ പത്തിരുപത് വർഷങ്ങളോളം തന്റെ ഈ തോന്നിവാസങ്ങളുമായി അയാൾ കഴിഞ്ഞു. ആയിരക്കണക്കിന് ആളുകളെ അയാൾ കൊന്നു" (പേജ് 114).

വർഷത്തിലൊരു പ്രത്യേക രാത്രിയിൽ ഇവരിലെ ആണുങ്ങളും പെണ്ണുങ്ങളുമെല്ലാം ഒരു സ്ഥലത്ത് ഒത്തുകൂടും. എന്നിട്ട് ലൈറ്റുകളെല്ലാം അണച്ച് സ്ത്രീകളെ കടന്നുപിടിക്കും. വേട്ടയാടൽ അനുവദനീയമാണല്ലോ എന്ന 'ന്യായം' പറഞ്ഞ് ഈ തോന്നിവാസത്തെയും അവർ ന്യായീകരിച്ചു വെളുപ്പിക്കുമായിരുന്നുവത്രെ! (പേജ് 115 കാണുക). പിശാച് എത്രമാത്രം ഇക്കൂട്ടരെ സ്വാധീനിച്ചിരുന്നു എന്നത് ഇതിൽനിന്നെല്ലാം വ്യക്തമാണ്.

ബാത്വിനിയാക്കൾ സത്യത്തിൽ ഇസ്‌ലാമിന്റെ പുറംചട്ടയണിഞ്ഞ കപടന്മാരായിരുന്നു. ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കൾ! അവരുടെ വിശ്വാസങ്ങളും പ്രവർത്തനങ്ങളും യഥാർഥ ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ലാത്തതാണെന്ന് വ്യക്തം. ദൈവനിഷേധത്തിന്റെ വ്യക്തമായ പല ആശയങ്ങളും അവരിൽ കാണാം. ആളുകളെ വഴിതെറ്റിക്കലാണ് അവരുടെ ഉദ്ദേശം.

പരിശുദ്ധ ക്വുർആനിനെയും തിരുസുന്നത്തിനെയും പരസ്യമായി തള്ളിപ്പറഞ്ഞാൽ സ്വീകാര്യത കിട്ടുകയില്ലെന്നും തങ്ങളുടെ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കുകയില്ലെന്നും മനസ്സിലാക്കിയ അവർ ക്വുർആനിന്റെയും സുന്നത്തിന്റെയും യഥാർഥ ആശയങ്ങളിൽനിന്നും ആളുകളെ തെറ്റിക്കാൻ കണ്ടുപിടിച്ച കുതന്ത്രമായിരുന്നു ഉൾസാര വ്യാഖ്യാനം എന്നത്. ഇബ്നുൽ ജൗസി(റഹി) അക്കാര്യം വ്യക്തമാക്കുന്നുണ്ട് (പേജ് 118).

സത്യത്തിൽ യഥാർഥ വിശ്വാസികൾ നിഷിദ്ധങ്ങളെ അഥവാ ഹറാമുകളെ വളരെ ഗൗരവമായിട്ടാണ് കാണുക. റബ്ബിന്റെ കാരുണ്യത്തിൽനിന്ന് അകലാനും അവന്റെ ശാപകോപങ്ങൾ കരസ്ഥമാക്കുന്നതിനുതകുന്നതുമായ കാര്യമെന്ന നിലയിൽ അവയിൽ നിന്നൊക്കെ പരമാവധി അകലം പാലിക്കാനുമായിരിക്കും ഒരു വിശ്വാസി ശ്രമിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നത്. അഥവാ വല്ല തിന്മകളും വന്നുപോയാൽ ഉടനെ റബ്ബിലേക്ക് ഖേദിച്ചു മടങ്ങുകയും പശ്ചാത്തപിക്കുകയും ചെയ്യുന്നവരാണ് അവർ.

അല്ലാഹു പറയുന്നു: "വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പു തേടുകയും ചെയ്യുന്നവർക്കു വേണ്ടി. -പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?- ചെയ്തുപോയ (ദുഷ്) പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ" (3:135).



# ഗ്യാനേഷ്കുമാർ: ഇന്ത്യയുടെ ആത്മാവിനേറ്റ മുറിവ്

മുജീബ് ഒട്ടുമ്മൽ
: 97444 31890

**ജനാധിപത്യത്തിന്റെ കാവലാളാകേണ്ടവർ തന്നെ ഭരണകൂട താൽപര്യങ്ങൾക്ക് വേണ്ടി വോട്ടവകാശം കവർന്നെടുക്കുമ്പോൾ, ഇന്ത്യയുടെ ആത്മാവിനാണ് ചോര പൊടിയുന്നത്. കോടിക്കണക്കിന് പൗരന്മാരുടെ സമ്മതിദാനാവകാശം നിഷേധിച്ചും ഏകപക്ഷീയമായ നടപടികളിലൂടെ ഭരണഘടനാ മൂല്യങ്ങളെ അട്ടിമറിച്ചും മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ നടത്തുന്ന വഴിവിട്ട നീക്കങ്ങൾ ഇന്ത്യൻ ജനാധിപത്യത്തെ വെന്റിലേറ്ററിലേത്തിക്കുന്ന ഗൗരവതരമായ കാഴ്ചകളോട് ഇനിയും നാം മൗനം പാലിക്കേണ്ടതുണ്ടോ?**

"എന്റെ ജനങ്ങളേ, നിങ്ങൾ ഒരക്ഷരം മിണ്ടരുത്; കാരണം ഇവിടെ സംസാരിക്കുന്നത് നിരോധിക്കപ്പെട്ടിരിക്കുന്നു.

നിങ്ങൾ സുഖമായി ഉറങ്ങുക, ഒട്ടും ഉണരാതിരിക്കുക; കാരണം ഉറങ്ങുന്നവർ (പ്രതികരിക്കാത്തവർ) മാത്രമാണ് ഇവിടെ വിജയിച്ചിട്ടുള്ളത്.

നിങ്ങളെ മുന്നോട്ടു നയിക്കുന്ന, പുരോഗതിയിലേക്ക് നയിക്കുന്ന എല്ലാ കാര്യങ്ങളിൽനിന്നും നിങ്ങൾ പരമാവധി പിന്നോട്ടു പോവുക.

**വോട്ടവകാശം നിഷേധിക്കുന്നതിലൂടെ ഭരണപങ്കാളിത്തം ഇല്ലാതാവുകയാണ്. കാരണം ജനങ്ങൾ ജനങ്ങൾക്കു വേണ്ടി ഭരിക്കുന്ന സംവിധാനമാണ് ജനാധിപത്യം. ജാതി, മതം, ലിംഗം, സാമ്പത്തികസ്ഥിതി എന്നിവയ്ക്കതീതമായി എല്ലാ പൗരന്മാർക്കും തുല്യ അവകാശമാണുള്ളത്. വോട്ടവകാശം നിഷേധിക്കുന്നത് ഭരണഘടന വിഭാവനം ചെയ്യുന്ന സമത്വത്തിന് വിരുദ്ധമാണ്. സർക്കാറിന്റെ നയങ്ങളിലുള്ള വിയോജിപ്പോ യോജിപ്പോ പ്രകടിപ്പിക്കാനുള്ള ഏറ്റവും ശക്തമായ മാർഗമാണ് വോട്ട്. അത് ഇല്ലാതാകുന്നതോടെ പൗരന്റെ രാഷ്ട്രീയ ശബ്ദമാണ് ഇല്ലാതാകുന്നത്.**

കാര്യങ്ങൾ ഗ്രഹിക്കാനും ചിന്തിക്കാനുമുള്ള ശ്രമം നിങ്ങൾ മാറ്റിവയ്ക്കുക; കാരണം ഒന്നും മനസ്സിലാക്കാതിരിക്കുന്നതിലാണ് നിങ്ങളുടെ നന്മ!"

20ാം നൂറ്റാണ്ടിന്റ ആദ്യത്തിൽ കൊളോണിയൽ ശക്തികളുടെ കരാളഹസ്തങ്ങളിൽ പിടഞ്ഞുപോയ ഇറാഖിലെ ജനത അധിനിവേശ ശക്തികൾക്കെതിരെ തെരുവിലിറങ്ങി. എഴുത്തുകാരിലും സാഹിത്യകാരിലും പെട്ട ചില സാംസ്കാരികനായകരുടെ മൗനം പ്രശസ്ത ഇറാഖി കവിയായിരുന്ന മഅ്റൂഫ് അർറസ്വാഫിയെ ചൊടിപ്പിച്ചു. നിസ്സംഗരായ സാംസ്കാരിക നായകൻമാർക്കെതിരെ പരിഹാസ്യരൂപേണ അദ്ദേഹം രചിച്ച കവിതാശകലമാണ് നാം വായിച്ചത്. സമീപകാലത്ത് രാജ്യവ്യാപകമായി നടന്ന സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ (SIR) വോട്ടർ പട്ടിക പുതുക്കൽ പ്രക്രിയയിൽ വോട്ടർമാരുടെ പേരുകൾ കൂട്ടത്തോടെ വെട്ടിമാറ്റിയത് വലിയ രാഷ്ട്രീയ വിവാദങ്ങൾക്ക് വഴിവച്ചിരിക്കുകയാണ്. 13 കോടിയിലധികം വോട്ടർമാരെ പട്ടികയിൽനിന്ന് ഒഴിവാക്കിയതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മുഖ്യ തിരഞ്ഞെടുപ്പു കമ്മീഷണർ ഗ്യാനേഷ് കുമാർ സമീപകാലത്ത് നടന്നിട്ടുള്ള തെരഞ്ഞെടുപ്പുകളിൽ ഭരണപക്ഷത്തിന് വിജയിക്കാനുള്ള സൗകര്യമൊരുക്കി എന്ന ആരോപണം ശക്തമായി നിലനിൽക്കുകയാണ്.

രാജ്യത്തെ പൗരന്മാരുടെ വോട്ടവകാശം ഹനിക്കുന്ന സമീപനം അതീവ ഗൗരവമുള്ള കാര്യമാണ്. ഭരണഘടന ഓരോ പൗരനും ഉറപ്പു നൽകുന്ന ഏറ്റവും അടിസ്ഥാനപരമായ അവകാശങ്ങളിൽ ഒന്നാണ് വോട്ടവകാശം. വോട്ടവകാശം നിഷേധിക്കുന്നതിലൂടെ ഭരണപങ്കാളിത്തം ഇല്ലാതാവുകയാണ്. കാരണം ജനങ്ങൾ ജനങ്ങൾക്കു വേണ്ടി ഭരിക്കുന്ന സംവിധാനമാണ് ജനാധിപത്യം. ജാതി, മതം, ലിംഗം, സാമ്പത്തികസ്ഥിതി എന്നിവയ്ക്കതീതമായി എല്ലാ പൗരന്മാർക്കും തുല്യ അവകാശമാണുള്ളത്. വോട്ടവകാശം നിഷേധിക്കുന്നത് ഭരണഘടന വിഭാവനം ചെയ്യുന്ന സമത്വത്തിന് വിരുദ്ധമാണ്. സർക്കാറിന്റെ നയങ്ങളിലുള്ള വിയോജിപ്പോ യോജിപ്പോ പ്രകടിപ്പിക്കാനുള്ള ഏറ്റവും ശക്തമായ മാർഗമാണ് വോട്ട്. അത് ഇല്ലാതാകുന്നതോടെ പൗരന്റെ രാഷ്ട്രീയ ശബ്ദമാണ് ഇല്ലാതാകുന്നത്. സ്വതന്ത്രവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കാൻ അർഹതപ്പെട്ട എല്ലാവർക്കും വോട്ടവകാശം ലഭിക്കേണ്ടത് അനിവാര്യമാണ്. എന്തെങ്കിലും കാരണത്താൽ വോട്ടർ പട്ടികയിൽ പേര് വിട്ടുപോവുകയോ നിരസിക്കപ്പെടുകയോ ചെയ്താൽ ഇലക്ഷൻ കമ്മീഷൻ വഴി അത് പരിഹരിക്കാൻ പൗരന്മാർക്ക് നിയമപരമായ അവകാശമുണ്ട്. ഈ അവകാശങ്ങളെ നിഷേധിക്കുക എന്നതാണ് ഗ്യാനേഷ് കുമാർ വഴി ഇവിടെ നടപ്പിലാക്കുന്നത്.

ശക്തമായ പ്രക്ഷോഭങ്ങളും പ്രതിഷേധങ്ങളുംകൊണ്ട് അധികാരികളെ കണ്ണുതുറപ്പിക്കേണ്ട സമയമാണിത്. ഈ സമയത്തെ നിസ്സംഗതയും നിർജീവതയും

രാജ്യത്തോടു ചെയ്യുന്ന ഏറ്റവും വലിയ പാതകമായിരിക്കും. വിദ്യാർഥികളും യുവാക്കളും ശക്തമായ സമരപോരാട്ടങ്ങളിലൂടെ രാഷ്ട്രത്തിന്റെ ആത്മാവിനെ തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളിലാണ്. അവിടെയും നിസ്സംഗതയും വിമുഖതയും പുലർത്തുന്നവരെക്കുറിച്ചുള്ള ഇറാഖി കവി മഅ്റൂഫ് അർറസാഫിയുടെ കവിതയിലെ മൂർച്ചയേറുന്ന വാക്കുകൾ കണ്ണനാഡികൾ വിച്ഛേദിക്കുമെന്നതിൽ തർക്കമില്ല.

### തെരഞ്ഞെടുപ്പു കമ്മീഷന്റെ ദൗത്യവും സമീപനവും

ഇന്ത്യയിലെ ജനാധിപത്യ പ്രക്രിയയുടെ കാവലാളായ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ (Election Commission of India) തലവന്മാരാണ് തെരഞ്ഞെടുപ്പ് കമ്മീഷണർമാർ. ഒരു മുഖ്യ കമ്മീഷണറും (Cheif Election Commissioner-CEC). രണ്ടു തെരഞ്ഞെടുപ്പ് കമ്മീഷണർമാരും (Election Commissioners - EC) അടങ്ങുന്നതാണ് ഈ സമിതി. രാജ്യത്ത് സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കുക എന്നതാണ് ഇവരുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ ജനങ്ങളുടെ സമ്മതിദാന അവകാശം യാതൊരു ഭയവുമില്ലാതെ വിനിയോഗിക്കാൻ സാഹചര്യമൊരുക്കേണ്ടത് ഇവരാണ്. ഭരണഘടനാപരമായ, വളരെ ഉയർന്നതും സ്വതന്ത്രവുമായ പദവിയാണ് ഇവരുടെത്. രാഷ്ട്രീയമായോ ഭരണപരമായോ ഉള്ള യാതൊരുവിധ ഇടപെടലുകളും ഇല്ലാതെ നിഷ്പക്ഷമായി തീരുമാനങ്ങളെടുക്കാൻ ഇവർക്ക് പൂർണാധികാരമുണ്ട്.

**ജനങ്ങൾക്ക് തെരഞ്ഞെടുപ്പ് പ്രക്രിയയിലുള്ള വിശ്വാസം നിലനിർത്താനും ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ ദൗത്യം അത്യന്താപേക്ഷിതമാണ്. രാഷ്ട്രം വിശ്വസിച്ചേൽപിച്ച ഈ മഹത്തായ പദവിയെ ദുരുപയോഗം ചെയ്ത് ഒരു വിഭാഗം വർഗീയ രാഷ്ട്രീയത്തിന് അധികാര ലഭിക്കാനുള്ള നീചമായ ശ്രമമാണ് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറിൽനിന്ന് ഉണ്ടായത്. അതിന്റെ പ്രതിഷേധ ജ്വാല യാണ് രാജ്യത്തുടനീളം ആഞ്ഞുവീശിക്കൊണ്ടിരിക്കുന്നത്.**

സുപ്രീം കോടതി ജഡ്ജിമാർക്ക് തുല്യമായ ശമ്പളവും പദവിയുമാണ് തെരഞ്ഞെടുപ്പ് കമ്മീഷണർമാർക്കുള്ളത്. തീരുമാനമെടുക്കുന്നതിൽ സമിതിയിലെ മൂന്നുപേർക്കും തുല്യ അധികാരമാണുള്ളത്. അതിനാൽ ജനങ്ങൾക്ക് തെരഞ്ഞെടുപ്പ് പ്രക്രിയയിലുള്ള വിശ്വാസം നിലനിർത്താനും ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ ദൗത്യം അത്യന്താപേക്ഷിതമാണ്. രാഷ്ട്രം വിശ്വസിച്ചേൽപിച്ച ഈ മഹത്തായ പദവിയെ ദുരുപയോഗം ചെയ്ത് ഒരു വിഭാഗം വർഗീയ രാഷ്ട്രീയത്തിന് അധികാര ലഭിക്കാനുള്ള നീചമായ ശ്രമമാണ് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറിൽനിന്ന് ഉണ്ടായത്. അതിന്റെ പ്രതിഷേധ ജ്വാല യാണ് രാജ്യത്തുടനീളം ആഞ്ഞുവീശിക്കൊണ്ടിരിക്കുന്നത്.

### ഗ്യാനേഷ്കുമാർ ഗൗനിക്കാത്ത വിയോജിപ്പുകൾ

ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാറിന്റ ഏകപക്ഷീയമായ തീരുമാനങ്ങൾക്കെതിരെ മറ്റു രണ്ട് ഇലക്ഷൻ കമ്മീഷണർമാരായ സുഖ്ബീർ സിംഗ് സന്ധുവും വിവേക് ജോഷിയും 10 മാസത്തിനിടെ 14 തവണയാണ് ഔദ്യോഗികമായി വിയോജിപ്പു രേഖപ്പെടുത്തിയത്. 13 കോടിയോളം വോട്ടർമാരെ ബാധിച്ച പ്രത്യേക വോട്ടർ പട്ടിക പുതുക്കൽ (SIR) പ്രക്രിയയുമായി ബന്ധപ്പെട്ടായിരുന്നു പ്രധാന വിയോജി പ്പുകളേറെയും. തീരുമാനങ്ങളെടുക്കുന്നതിൽ ഇലക്ഷൻ കമ്മീഷനിലെ മൂന്നുപേർക്കും തുല്യ അധികാരമുണ്ടായിരിക്കെയാണ് ഏകപക്ഷീയമായ സമീനം ഗ്യാനേഷ്കുമാർ സ്വീകരിച്ചത്.

### കമ്മീഷണർമാരുടെ പ്രധാന വിയോജിപ്പുകൾ

- *ഫോം 6 ലെ അനധികൃത മാറ്റങ്ങൾ:* പുതിയ വോട്ടർ രജിസ്ട്രേഷനുള്ള ഫോം 6ൽ നിയമപരമായ ഭേദഗതികൾ വരുത്താതെ, മുൻ വോട്ടർപട്ടിക പുതുക്കലിലെ മാതാപിതാക്കളുടെയോ മുത്തശ്ശി-

മുത്തശ്ശന്മാരുടെയോ പേരുകൾ ഉൾപ്പെടുത്തണം എന്നതുപോലെയുള്ള അധിക വിവരങ്ങൾ ആവശ്യപ്പെടുന്ന മാറ്റങ്ങൾ വരുത്തിയത് അനധികൃതവും നിയമവിരുദ്ധവുമാണ് എന്ന് കമ്മീഷണർമാർ വിയോജിച്ചു.

- *വോട്ടർ ഡാറ്റാബേസിന്റ കേന്ദ്രീകരണം:* ഐടി ഡിവിഷൻ വഴി വോട്ടർപട്ടികയുടെ ഡാറ്റാബേസ് പൂർണമായും കേന്ദ്രീകരിക്കുന്നതിനെ അവർ എതിർത്തു. ഇത് വോട്ടർമാരെ ചേർക്കുന്നതിനും നീക്കുന്ന തിനും താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് (Electoral Registration officers- ERO) ഉണ്ടായിരുന്ന നിയമപരമായ അധികാരങ്ങളെ ഇല്ലാതാക്കുന്നുവെന്ന് അവർ വാദിച്ചു.
- *അറിവോ അനുമതിയോ ഇല്ലാതെയുള്ള തീരുമാനങ്ങൾ:* പല സുപ്രധാന തീരുമാനങ്ങളും മറ്റു രണ്ട് കമ്മീഷണർമാരെ അറിയിക്കുകയോ അവരുടെ അനുമതി വാങ്ങുകയോ ചെയ്യാതെയാണ് ചീഫ് കമ്മീഷണർ നടപ്പിലാക്കിയത്. ഇത് ഇലക്ഷൻ കമ്മീഷൻ തീരുമാനങ്ങൾ ഏകകണ്ഠമായിരിക്കണമെന്ന 2023ലെ നിയമത്തിന്റെ ലംഘനമാണ്.



- *പശ്ചിമബംഗാളിലെ അനധികൃത അപ്പീലുകൾ:* പശ്ചിമബംഗാളിൽ വോട്ടർ പട്ടികയിൽ പേര് പുനഃ സ്ഥാപിക്കപ്പെട്ട വോട്ടർമാർക്കെതിരെ ഇലക്ഷൻ കമ്മീഷന്റെ പേരിൽ ലക്ഷക്കണക്കിന് അപ്പീലുകൾ ഫയൽ ചെയ്തത് മറ്റു രണ്ട് കമ്മീഷണർമാരുടെയും അറിവോ അനുമതിയോ ഇല്ലാതെയായിരുന്നു.
- *സോഫ്റ്റ്‌വെയർ തകരാറുകളും വോട്ടർമാരെ ഒഴിവാക്കലും:* കേന്ദ്രീകൃത സോഫ്റ്റ്‌വെയർ (ECINet) മാറ്റങ്ങൾ കാരണം യോഗ്യരായ വോട്ടർമാരുടെ പേരുകൾ ഒഴിവാക്കപ്പെട്ടു. ഗോവയിൽ സുപ്രീംകോടതി വിധിയുണ്ടായിരുന്നിട്ടും 97 യോഗ്യരായ വോട്ടർമാരുടെ പേരുകൾ പുനഃസ്ഥാപിക്കാൻ സോഫ്റ്റ്‌വെയറിലെ പോരായ്മകൾ കാരണം സാധിച്ചില്ലെന്ന കാര്യവും അവർ ചൂണ്ടിക്കാണിച്ചു.
- *വിവരങ്ങൾ മറച്ചുവ്ക്കൽ:* ഔദ്യോഗിക യോഗങ്ങളുടെ അജണ്ടകളും മിനുട്സുകളും കൃത്യമായി ലഭിക്കാത്തതിലും ഐടി ഡയറക്ടർ ജനറൽ പോലുള്ള ഉദ്യോഗസ്ഥർ കമ്മീഷനിലെ മറ്റു അംഗങ്ങളുടെ സാന്നിധ്യം തടയുന്ന രീതിയിൽ പ്രവർത്തിച്ചതിലും അവർ വിയോജിപ്പു രേഖപ്പെടുത്തി.

ഈ വിയോജിപ്പുകളെല്ലാം തീർത്തും ന്യായവും പൗരാവകാശത്തിനു വേണ്ടിയുള്ള ശബ്ദവുമാണ് എന്നതിൽ തർക്കമില്ല. ജനാധിപത്യ സംവിധാനത്തെ നിലനിർത്താൻ പ്രതിജ്ഞാബദ്ധമായി പ്രവർത്തിച്ച രണ്ട് കമ്മീ

ഷൻമാരും ഇന്ത്യൻ ഭരണഘടന മുന്നോട്ടുവെക്കുന്ന മൗലികാവകാശങ്ങളെ സംരക്ഷിക്കാനുള്ള ശക്തമായ ഇടപെടൽ നടത്തിയിരുന്നവരാണ്.

### എസ്ഐആറിന്റെ രാഷ്ട്രീയം

ആസൂത്രിതമായ ജനസംഖ്യാകണക്കെടുപ്പിനു ശേഷമായിരുന്നു വംശഹത്യയുടെ രക്തമുറയുന്ന കോൺസൻട്രേഷൻ ക്യാമ്പുകളിലേക്ക് ഹിറ്റ്ലർ ജർമനിയെ ആട്ടിത്തെളിച്ചത് എന്ന് ചരിത്രം രേഖപ്പെടു ത്തുന്നു. 1933 ജനുവരിയിൽ അധികാരത്തിലേറിയ ഹിറ്റ്ലർ രാജ്യത്ത് വിപുലമായ സെൻസസ് നടത്തുന്നതായി അതേ വർഷം പ്രഖ്യാപിച്ചു. 60 ലക്ഷത്തോളം വരുന്ന ജൂതരെ ഉന്നം വയ്ക്കുന്നതായിരുന്നു ഈ ദേശീയ സെൻസസ്. ആവശ്യമായ വിവരങ്ങളെല്ലാം കൃത്യമായി അടയാളപ്പെടുത്തുന്ന വിപുലമായ പൗര രേഖ ഇതിനായി തയ്യാറാക്കിയത് ഐബിഎം എന്ന അമേരിക്കൻ ടെക്നോളജി ഭീമനായിരുന്നു.

സമാനമായ രീതിയിൽ സാങ്കേതികവിദ്യയെ അതിവിപുലമായി ഉപയോഗിച്ചുകൊണ്ടാണ് ഇന്ത്യയിലെ പുതിയ ഭരണകൂടങ്ങൾ ജനങ്ങളുടെ വ്യക്തി വിവരങ്ങളിലേക്കും സ്വകാര്യതയിലേക്ക് കടന്നുകയറി പതിയെ വംശീയമായ വേർതിരിവുകളിലേക്ക് രാജ്യത്തെ നയിച്ചുകൊണ്ടിരിക്കുന്നത്. അത്തരത്തിൽ ഇന്ത്യയിൽ ആരംഭിച്ച, ലോകത്തിലെ തന്നെ ഏറ്റവും വലിയ വിവരശേഖരണ പദ്ധതികളിൽ ഒന്നായിരുന്നു ആധാർ. പലതവണ കോടതികൾ തള്ളിപ്പറഞ്ഞെങ്കിലും ഓരോ പൗരനെയും ഒരൊറ്റ നമ്പറിലേക്ക് ചുരുക്കുന്ന ഈ സംവിധാനം ഇന്നും സർക്കാർ സേവനങ്ങൾക്ക് നിർബന്ധമാണ്. അതാണ് മതനിരപേക്ഷ ചേരിയിലെ ഓരോ പൗരനും ഇന്നത്തെ ഇലക്ഷൻ കമ്മീഷണറുടെ സമീപനത്തെ ആശങ്കയോടെ കാണുന്നത്. കാരണം നിലവിൽ ലഭ്യമായ തെരഞ്ഞെടുപ്പ് കമ്മീഷൻ വിവരങ്ങൾ പുതുക്കാനുള്ള ആപ്പിൽ പോലും ഓരോരുത്തരുടെയും കുടുംബ പരമ്പര വരെ ഇന്ത്യൻ സർക്കാർ ചോദിക്കുന്നു. സാങ്കേതിക വിദ്യയാണ് സ്വേച്ഛാധിപത്യത്തിന്റെ ഏറ്റവും ആധുനിക രീതിയെന്ന് ഒട്ടേറെ പഠനങ്ങൾ വഴി തെളിയിക്കപ്പെട്ട ഇക്കാലത്ത് രാഷ്ട്രീയ ജാഗ്രതയോടൊപ്പം കൃത്യമായി സാങ്കേതിക ജ്ഞാനവും ബോധവും ഏറെ ആവശ്യമാണെന്ന് ഇവയെല്ലാം തെളിയിക്കുന്നുണ്ട്. ഇലക്ഷൻ കമ്മീഷണർ പ്രഖ്യാപിച്ചു നടപ്പിലാക്കിയ എസ്ഐആർ സംവിധാനം ചോദ്യം ചെയ്യാൻ മറ്റു കമ്മീഷണർമാരെ പ്രേരിപ്പിച്ച ഘടകവും ഇതാണ്.

പൗരത്വ ഭേദഗതി നിയമങ്ങളും രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന, ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള നിയമനിർമാണങ്ങളുമെല്ലാം വംശീയ ഉന്മൂലനം ലക്ഷ്യമാക്കുന്നു എന്ന് ബോധ്യപ്പെടുത്തുന്നവയാണ്. അധികാരിവർഗം അതിനായി ഉപയോഗപ്പെടുത്തുന്ന പ്രധാന ഉപകരണമായി ഇലക്ഷൻ കമ്മീഷണർ മാറുന്നു എന്നാണ് സമകാലിക സാഹചര്യം ബോധ്യപ്പെടുത്തുന്നത്. ഇന്ത്യൻ ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാറും ബിജെപിയും തമ്മിൽ രഹസ്യധാരണയും അവിശുദ്ധ കൂട്ടുകെട്ടും ഉണ്ടെന്ന് പ്രതിപക്ഷ പാർട്ടികൾ ശക്തമായി ആരോപിക്കുന്നുണ്ട്. രാജ്യത്തെ വോട്ടർ പട്ടികയിൽ നിന്ന് കോടിക്കണക്കിന് വോട്ടർമാരെ കൂട്ടത്തോടെ വെട്ടിമാറ്റിയതുമായി ബന്ധ

**സാങ്കേതികവിദ്യയെ അതിവിപുലമായി ഉപയോഗിച്ചുകൊണ്ടാണ് ഇന്ത്യയിലെ പുതിയ ഭരണകൂടങ്ങൾ ജനങ്ങളുടെ വ്യക്തി വിവരങ്ങളിലേക്കും സ്വകാര്യതയിലേക്ക് കടന്നുകയറി പതിയെ വംശീയമായ വേർതിരിവുകളിലേക്ക് രാജ്യത്തെ നയിച്ചുകൊണ്ടിരിക്കുന്നത്. അത്തരത്തിൽ ഇന്ത്യയിൽ ആരംഭിച്ച, ലോകത്തിലെ തന്നെ ഏറ്റവും വലിയ വിവരശേഖരണ പദ്ധതികളിൽ ഒന്നായിരുന്നു ആധാർ. പലതവണ കോടതികൾ തള്ളിപ്പറഞ്ഞെങ്കിലും ഓരോ പൗരനെയും ഒരൊറ്റ നമ്പറിലേക്ക് ചുരുക്കുന്ന ഈ സംവിധാനം ഇന്നും സർക്കാർ സേവനങ്ങൾക്ക് നിർബന്ധമാണ്.**

പ്പെട്ടാണ് ഈ വിവാദങ്ങൾ ഉയർന്നുവരുന്നത്. പ്രതിപക്ഷത്തിന്റെ പ്രധാന ആരോപണങ്ങളെ വസ്തുനിഷ്ഠമായി തള്ളിക്കളയാനാവാതെ ഭരണകക്ഷികൾ പ്രയാസപ്പെടുന്നു എന്നും സമകാലസാഹചര്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. പ്രതിപക്ഷ കക്ഷികളുടെ ആരോപണങ്ങൾ അതീവ ഗുരുതരമാണ്:

- *വോട്ടർമാരെ വെട്ടിമാറ്റിയതിലെ ഡീലിംഗ്:* 130 മില്യൺ വോട്ടർമാരെ പട്ടികയിൽനിന്ന് നീക്കം ചെയ്ത ഇലക്ഷൻ കമ്മീഷന്റെ നടപടി ബിജെപിയെ തിരഞ്ഞെടുപ്പുകളിൽ സഹായിക്കാനാണെന്നാണ് കോൺഗ്രസ് ഉൾപ്പെടെയുള്ള ഇന്ത്യാ മുന്നണി ആരോപിക്കുന്നത്. ബിജെപിക്ക് വോട്ടു ചെയ്യാൻ സാധ്യതയില്ലാത്ത വിഭാഗങ്ങളെ ലക്ഷ്യമിട്ടാണ് ഈ വെട്ടിമാറ്റൽ എന്നും ഗ്യാരേഷ് കുമാർ അവരുടെ ഏജന്റയി ജനാധിപത്യത്തെ അട്ടിമറിക്കാൻ പ്രവർത്തിക്കുകയാണെന്നും ആരോപണങ്ങളിൽ പ്രത്യേകമായി പരാമർശിക്കുന്നുണ്ട്.
- *ജിജി തോംസണിന്റെ നിർണായക വെളിപ്പെടുത്തൽ:* മുൻ കേരള ചീഫ് സെക്രട്ടറി ജിജി തോംസൺ നടത്തിയ വെളിപ്പെടുത്തൽ ഈ ആരോപണങ്ങൾക്ക് കൂടുതൽ അടിത്തറ നൽകുന്നുണ്ട്. 2016ൽ ഗ്യാനേ ഷ്കുമാർ ഐഎഎസ് ഉദ്യോഗസ്ഥനായിരിക്കെ ബിജെപി ടിക്കറ്റിൽ ലോകസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ തന്നോട് ആവശ്യപ്പെട്ടിരുന്നുവെന്നും കേന്ദ്രമന്ത്രിപദവിവരെ വാഗ്ദാനം ചെയ്തു എന്നുമാണ് ജിജി തോംസൺ വെളിപ്പെടുത്തിയത്. ഗ്യാനേഷ് കുമാറിന് പണ്ടുമുതലേ ബിജെപിയുമായി രാഷ്ട്രീയ ഡീലിങ്ങുകൾ ഉണ്ടായിരുന്നു എന്നതിന് തെളിവായാണ് പ്രതിപക്ഷം ഇതിന് ഉയർത്തികാട്ടുന്നത്.



- *കമ്മീഷനകത്തെ ഭിന്നതയും ഏകപക്ഷീയമായ തീരുമാനങ്ങളും:* കമ്മീഷനകത്തെ കമ്മീഷണർമാരെ അവഗണിച്ചുകൊണ്ട് ഗ്യാനേഷ് കുമാർ സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നുവെന്നത് ബിജെപിയുടെ ബാന്ധവത്തെ സൂചിപ്പിക്കുന്നുവെന്ന അഭിപ്രായവുമുണ്ട്. പ്രമുഖ നേതാക്കൾ മത്സരിച്ചതോ പരാജയപ്പെട്ടതോ ആയ മണ്ഡലങ്ങളിൽ വോട്ടു വെട്ടിമാറ്റൽ തിരഞ്ഞെടുപ്പ് ഫലങ്ങളെ സ്വാധീനിച്ചു എന്ന ആരോപണവുമായി പ്രതിപക്ഷ പാർട്ടികൾ രംഗത്തെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പുറത്തുവന്ന പ്രധാന വിവരങ്ങൾ താഴെ പറയുന്നവയാണ്:

### പ്രധാന മണ്ഡലങ്ങളിലെ കണക്കുകളും രാഷ്ട്രീയ ആരോപണങ്ങളും

- *ന്യൂഡൽഹി മണ്ഡലം (ഡൽഹി):* ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ (2025 ഫെബ്രുവരി) അരവിന്ദ് കെജ്രിവാൾ നേരിയ മാർജിനിൽ പരാജയപ്പെട്ട ന്യൂഡൽഹി മണ്ഡലത്തിൽ വൻതോതിൽ വോട്ട് വെട്ടിമാറ്റൽ നടന്നതായി ആരോപണമുണ്ട്. ഇവിടെ തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് (2024 ഡിസംബർ-2025 ജനുവരി) വോട്ടർപട്ടികയിൽ പുതുതായി ചേർക്കപ്പെട്ടവരിൽ 33% മുതൽ 40% വരെ

**കേരളത്തിൽ വെള്ളിയാഴ്ചയിൽ തെരഞ്ഞെടുപ്പ് നിർദേശിച്ചപ്പോഴും തെരഞ്ഞെടുപ്പ് കമ്മീഷനിലെ കാവി രാഷ്ട്രീയത്തെ ജനം തിരിച്ചറിഞ്ഞതാണ്. രാഷ്ട്ര നിർമാണം മുസ്‌ലിമിന്റെ കടമയാണ് എന്ന് ഉദ്ബോധിപ്പിച്ച ഇമാമുമാരുടെ പ്രഖ്യാപനം കേട്ട് പ്രതിസന്ധിഘട്ടങ്ങളിലും തെരഞ്ഞെടുപ്പിന്റെ ഭാഗമാകാൻ മുസ്‌ലിം സമുദായം തയ്യാറായി.**

റ്റൽ രേഖകളോ തെളിവുകളോ തങ്ങളുടെ പക്കലില്ലെന്ന് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സമ്മതിച്ചതായും വാർത്തകൾ വന്നിരുന്നു.

കേരളത്തിൽ 2026ലെ നിയമസഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി നടന്ന SIR പ്രക്രിയയുടെ ആദ്യഘട്ട ഡ്രാഫ്റ്റ് ലിസ്റ്റിൽ 24 ലക്ഷത്തിലധികം പേരുകൾ ഒഴിവാക്കപ്പെട്ടതായി കാണിച്ചിരുന്നു. ഇത് വലിയ രാഷ്ട്രീയ തർക്കങ്ങൾക്കും കോടതി ഇടപെടലുകൾക്കും കാരണമായി. തുടർന്ന് പ്രതിപക്ഷ നേതാക്കളുടെ ഹർജിയിൽ, ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങൾ കൃത്യമായി പ്രസിദ്ധീകരിക്കാൻ സുപ്രീം കോടതി ഉത്തരവിട്ടു.

തുടർന്നു നടന്ന കൃത്യമായ ഹിയറിംഗുകൾക്കും പരിശോധനകൾക്കും ശേഷം ഫെബ്രുവരിയിൽ പുറത്തിറങ്ങിയ അന്തിമ വോട്ടർപട്ടികയിൽ സംസ്ഥാനത്താകെ 53,229 വോട്ടർമാരെയാണ് അന്തിമമായി നീക്കം ചെയ്തത് (മരണപ്പെട്ടവർ, താമസം മാറിയവർ, ഇരട്ടിപ്പ് ഉള്ളവർ തുടങ്ങിയവ). എറണാകുളം ജില്ലയിൽ മാത്രം വിവിധ മണ്ഡലങ്ങളിലായി 3,058 വോട്ടർമാർ അന്തിമ പട്ടികയിൽനിന്ന് പുറത്തായി.

### എസ്ഐആറിലെ വംശഹത്യ

- *'2019 ലോകസഭാ തെരെഞ്ഞെടുപ്പ്:* വോട്ടർപട്ടികയിൽനിന്ന് പേരു കാണാതായ 12.7 കോടി പേരിൽ 3 കോടി മുസ്‌ലിംകളും 4 കോടി ദളിതരും'-അന്നത്തെ 'നാഷണൽ ഹെറാൾഡ്' പത്രത്തിന്റെ വെബ്സൈറ്റിൽ വന്ന ഒരു തലവാചകമാണിത്. ആകെ ജനസംഖ്യയുടെ 14 ശതമാനത്തിനു മുകളിൽ മാത്രമാണ് മുസ്‌ലിം ജനസംഖ്യയെങ്കിലും വോട്ടർ പട്ടികയിൽ നിന്ന് കാണാതായ മുസ്‌ലിം പേരുകൾ 25% ആയിരുന്നു. ഒരു കുടുംബത്തിൽ നാലു വോട്ടർമാരുണ്ടെങ്കിൽ ഒരാളുടെ പേര് നിശ്ചയമായും പട്ടികയിൽ നിന്ന് കാണാതായിട്ടുണ്ടാകും എന്നർഥം. മിസ്സിംഗ് വോട്ടേഴ്സ് എന്ന ആപ്പ് വികസിപ്പിച്ച, ഹൈദരാബാദ് ആസ്ഥാനമായുള്ള സോഫ്റ്റ്‌വെയർ

വോട്ടർമാരെ പിന്നീട് വന്ന ഡ്രാഫ്റ്റ് ലിസ്റ്റിൽനിന്ന് ഒഴിവാക്കിയതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇതിൽ കാഴ്ചപരിമിതർക്കുള്ള ഒരു സ്ഥാപനത്തിലെ അന്തേവാസികളായ വിദ്യാർഥികൾ വരെ ഉൾപ്പെടുന്നു.

- *പശ്ചിമ ബംഗാൾ:* ബംഗാളിലെ ഏകദേശം 150 നിയമസഭാ മണ്ഡലങ്ങളിൽ വോട്ടർപട്ടികയിൽനിന്ന് നീക്കം ചെയ്യപ്പെട്ട വോട്ടുകളുടെ എണ്ണം, അവിടെ വിജയിച്ച സ്ഥാനാർഥികളുടെ ഭൂരിപക്ഷത്തെക്കാൾ കൂടുതലാണെന്ന വിശകലനങ്ങൾ പുറത്തുവന്നിട്ടുണ്ട്. നന്ദിഗ്രാം പോലുള്ള മണ്ഡലങ്ങളിൽ ന്യൂനപക്ഷ വോട്ടർമാർ വലിയതോതിൽ ഒഴിവാക്കപ്പെട്ടതായി പ്രതിപക്ഷം ആരോപിക്കുന്നു.
- *കർണാടക:* കർണാടകയിൽ മാത്രം 50 ലക്ഷത്തിലധികം വോട്ടർമാരുടെ പേരുകൾ വോട്ടർപട്ടികയിൽ നിന്ന് അപ്രത്യക്ഷമായതായി മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ ആരോപിക്കുകയുണ്ടായി. ബി.ജെ.പി അനുകൂലികൾ ഫോം 7 വ്യാപകമായി ദുരുപയോഗം ചെയ്ത് വോട്ടർമാരെ (പ്രത്യേകിച്ച് ന്യൂനപക്ഷ, പിന്നാക്ക, ദളിത് വിഭാഗങ്ങളെ) ലക്ഷ്യമിട്ട് വോട്ടുകൾ വെട്ടിമാറ്റി എന്നാണ് സംസ്ഥാന ഭരണകൂടത്തിന്റെ ആരോപണം.
- *മധ്യപ്രദേശ് (ഇൻഡോർ):* ഇൻഡോർ ജില്ലയിൽ മാത്രം 1.36 ലക്ഷത്തിലധികം വോട്ടർമാരെ വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കിയതായും എന്നാൽ ഇതിന്റെ ഡിജി

പ്രൊഫഷണൽ ഖാലിദ് സഫിയുള്ളയുടെ ഒരു പഠനം മേൽപ്പറഞ്ഞ റിപ്പോർട്ട് ഉദ്ധരിക്കുന്നുണ്ട്.

2019 ഏപ്രിൽ-മെയ് മാസം നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിനു രണ്ടു ദിവസം മുമ്പ്; ഫെബ്രുവരി അവസാനംവരെ 25% മുസ്‌ലിംകളും 20% ദളിതരും ഉൾക്കൊള്ളുന്ന, രാജ്യത്തെ ആകെ വോട്ടർമാരിൽ 15 ശതമാനത്തിന്റെ പേരുകൾ വോട്ടർ പട്ടികയിൽനിന്നും നീക്കം ചെയ്തതായി വെളിപ്പെടുത്തിയിട്ടുണ്ട്. മുസ്‌ലിം പള്ളികളിൽനിന്ന് വോട്ടർപട്ടികയിൽ പേരുകൾ വന്നിട്ടുണ്ടോ എന്ന് അന്വേഷിക്കണം എന്ന, വിശ്വാസികളോടുള്ള അഭ്യർഥന ആളുകൾക്കിടയിൽ ഭയവും പരിഭ്രാന്തിയും പടർത്തുകയുണ്ടായി. പേരുകൾ കാണാതാകുന്നതിനു പിന്നിൽ മുസ്‌ലിംകളെയും ദളിതരെയും വോട്ടവകാശമില്ലാത്തവരാക്കി മാറ്റുവാനുള്ള ഗൂഢാലോചന നിലനിൽക്കുന്നതായി അവർ മനസ്സിലാക്കി. ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ ലക്ഷ്യം ഇന്ത്യൻ രാഷ്ട്രീയ ഭൂപടത്തിൽനിന്നും മുസ്‌ലിംകളുടെ അരികുവൽക്കരണവും കഴിയുമെങ്കിൽ തുടച്ചുനീക്കലുമാണ് എന്ന് അവർ കണക്കുകൂട്ടുന്നു. റമദാൻ കാലത്ത് ചില മുസ്‌ലിം ഭൂരിപക്ഷ മണ്ഡലങ്ങളിൽ ലോകസഭ തെരഞ്ഞെടുപ്പ് നടത്തിയതിനു പിന്നിലുള്ള ചേതോവികാരവും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽനിന്ന് സമുദായത്തെ ഉന്മൂലനം ചെയ്യൽ തന്നെയാണ്. കേരളത്തിൽ വെള്ളിയാഴ്ചയിൽ തെരഞ്ഞെടുപ്പ് നിർദേശിച്ചപ്പോഴും തെരഞ്ഞെടുപ്പ് കമ്മീഷനിലെ കാവി രാഷ്ട്രീയത്തെ ജനം തിരിച്ചറിഞ്ഞതാണ്. രാഷ്ട്ര നിർമാണം മുസ്‌ലിമിന്റെ കടമയാണ് എന്ന് ഉദ്ബോധിപ്പിച്ച ഇമാമുമാരുടെ പ്രഖ്യാപനം കേട്ട് പ്രതിസന്ധിഘട്ടങ്ങളിലും തെരഞ്ഞെടുപ്പിന്റെ ഭാഗമാകാൻ മുസ്‌ലിം സമുദായം തയ്യാറായി.

ഡൽഹി ആസ്ഥാനമായ 'സെന്റർ ഫോർ റിസർച്ച് ആൻഡ് ഡിബേറ്റ്സ് ഇൻ ഡെവലപ്മെന്റ് പോളിസി' എന്ന സ്ഥാപനത്തിന്റെ സ്ഥാപകൻ അബുസലേ ശരീഫ് വിശദീകരിച്ചത് ഇങ്ങനെയാണ്: 'വോട്ടർ പട്ടികയിൽനിന്നും പൊതുവെ ഇന്ത്യക്കാർ വലിയതോതിൽ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിൽ മുസ്‌ലിംകൾ വളരെ കൂടുതലാണ്. അത് നമ്മുടെ ജനാധിപത്യത്തെ വെറും തമാശയാക്കുന്ന അപകടത്തിലേക്ക് വളരുന്നുണ്ട്. വോട്ടർ പട്ടികകളിൽനിന്ന് ഏകദേശം 15 മുതൽ 18 കോടി വരെ ഇന്ത്യക്കാരുടെ പേരുകൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട് എന്നാണ് കണക്കാക്കുന്നത്. അത് ഒരു രാഷ്ട്രത്തെ ആകെയോ അല്ലെങ്കിൽ ഒരു നൂറു ചെറിയ രാഷ്ട്രങ്ങളെയോ ഒഴിവാക്കുന്നതുപോലെയാണ്. ഇതുതന്നെ ഇന്ത്യക്ക് അപമാനമാണ്. മുസ്‌ലിംകളെ സംബന്ധിച്ച് ഞാൻ പറയുന്നത് ഒരു സംസ്ഥാനത്തെ 50% വീടുകളിൽ ഏറ്റവും ചുരുങ്ങിയത് വോട്ട് ചെയ്യാൻ അർഹതയുള്ള ഒരാൾക്കെങ്കിലും വോട്ടില്ല എന്നാണ്. കർണാടകയിൽനിന്നാണ് നമ്മൾ തുടങ്ങിയത് എങ്കിലും ഗുജറാത്ത്, തെലങ്കാന, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത് തീർച്ചയായും ആശങ്കയുളവാക്കുന്ന കാര്യമാണ്.'

2017ലെ തെരഞ്ഞെടുപ്പു കാലത്ത് ഗുജറാത്തിലെ, ചുരുങ്ങിയത് 16 നിയമസഭാ മണ്ഡലങ്ങളിലെങ്കിലും ലക്ഷക്കണക്കിന് മുസ്‌ലിംകളുടെ പേരുകൾ വോട്ടർപട്ടികയിൽനിന്ന് നീക്കം ചെയ്ത സംഭവവും വിശദീകരിക്കുന്നുണ്ട്. ഗുജറാത്തിലെ ഗോദറേയും 1800ൽ കൂടുതൽ വീടുകളിൽ ഒരു വീട്ടിൽനിന്ന് ഒരു വോട്ടറുടെ പേരു മാത്രമാണ് ഉണ്ടായിരുന്നത് എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 'ഫ്രണ്ട് ലൈൻ' റിപ്പോർട്ട് ചെയ്തത് ഇങ്ങനെയാണ്: 'നിങ്ങൾ ഉത്തർപ്രദേശിലെ 4 വോട്ടർമാരുള്ള ഒരു മുസ്‌ലിം കുടുംബത്തിൽ അംഗമാണെങ്കിൽ ഭരണഘടനയുടെ 326 വകുപ്പ് നൽകുന്ന വോട്ട് ചെയ്യാനുള്ള അവകാശം മൂന്നുപേർക്ക് മാത്രമെ ലഭിക്കാൻ സാധ്യതയുള്ളൂ. നാലാമത്തെ ആളുടെ പേര് വോട്ടർ പട്ടികയിൽനിന്ന് ഒഴിവാക്കപ്പെടുകയോ കാണാതാവുകയോ ചെയ്തിട്ടുണ്ടാകും. മുസ്‌ലിംകൾ ഭൂരിപക്ഷമുള്ള മണ്ഡലങ്ങളെ സംവരണ മണ്ഡലങ്ങളാക്കി മുസ്‌ലിം പ്രാതിനിധ്യം കുറയ്ക്കാനുള്ള ശ്രമങ്ങളും കാണാനാകും. ഇലക്ഷൻ കമ്മീഷണർ ഭരണകക്ഷിയുടെ താൽപര്യമനുസരിച്ച് പ്രവർത്തിക്കുന്നു എന്നതിന്റെ തെളിവുകൾ ഇത്രയേറെയാണ് എന്ന് വിശകലനം ചെയ്തിട്ടുണ്ട്. ■




# ശിഅ്ബു അബീത്വാലിബ്: വിശ്വാസം വിശപ്പിനെ അതിജീവിച്ച മലഞ്ചെരിവ്

ഡോ. സി മുഹമ്മദ് റാഫി, ചെമ്പ്ര

## പ്രതിസന്ധിയിൽ നബി(സ്വ)യുടെ നേതൃത്വം

ശിഅ്ബിലെ ജീവിതം നമുക്ക് പ്രവാചകന്റെ നേതൃഗുണം കാണിച്ചുതരുന്നു. സ്വന്തം ജനങ്ങളുടെ പ്രയാസങ്ങളിൽ കൂടെ നിൽക്കുക എന്നതാണ് ഒരു നേതാവിന്റെ ഗുണം; അല്ലാതെ പ്രയാസഘട്ടം വരുമ്പോൾ മറ്റുള്ളവരെ മുന്നിലേക്കു തള്ളിയിട്ട് സ്വയം സുരക്ഷിതനായും സുഖിച്ചും ജീവിക്കുന്നതല്ല.

മുഹമ്മദ് നബി(സ്വ) തന്റെ അനുയായികളോട് 'നിങ്ങൾ സഹിക്കണം' എന്നു പറഞ്ഞുകൊണ്ട് സുഖകരമായ ഒരു സ്ഥലത്തേക്ക് മാറിനിന്നില്ല. അവരുടെ കൂടെത്തന്നെയായിരുന്നു. അവരുടെ വിശപ്പിന്റെയും ഭയത്തിന്റെയും പ്രതീക്ഷയുടെയും പങ്കാളിയായിരുന്നു. അതിനാലാണ് അദ്ദേഹത്തിന്റെ നേതൃത്വം ഹൃദയങ്ങളെ കീഴടക്കിയത്.

## ഇരുട്ടിനിടയിലും പ്രതീക്ഷ

ശിഅ്ബിന്റെ രാത്രികൾ നീണ്ടുപോയി. രാത്രി എത്ര നീണ്ടാലും പ്രഭാതം വരാതിരിക്കില്ലല്ലോ. അല്ലാഹു പറയുന്നു: "തീർച്ചയായും

**നമ്മുടെ കാലത്തും പലതരത്തിലുള്ള 'ശിഅ്ബുകൾ' ഉണ്ട്; സാമ്പത്തികമായി ഒറ്റപ്പെട്ട കുടുംബങ്ങൾ, കടബാധ്യതയിൽ കഴിയുന്നവർ, സമൂഹത്തിൽനിന്ന് അകറ്റപ്പെട്ട വയോധികർ, പഠിക്കാനുള്ള അവസരം നഷ്ടപ്പെട്ട കുട്ടികൾ, അഭയാർഥികൾ, രോഗബാധിതർ, തൊഴിൽ നഷ്ടപ്പെട്ടവർ, ഒറ്റപ്പെടലിൽ കഴിയുന്നവർ... ഇങ്ങനെ പലരും. അവരുടെ വീടുകളിൽ നമുക്ക് ശിഅ്ബിലെ കുഞ്ഞുങ്ങളുടെ വിശപ്പിന്റെ കരച്ചിൽ കേൾക്കാൻ കഴിയുന്നുണ്ടോ? അവരുടെ കണ്ണുകളിൽ നമുക്ക് ഖദീജ(റ)യുടെ സഹനത്തിന്റെ നിഴൽ കാണാൻ കഴിയുന്നുണ്ടോ? അവരുടെ ജീവിതത്തിൽ നമുക്ക് പ്രവാചകന്റെ സഹാനുഭൂതി കാണാൻ കഴിയുന്നുണ്ടോ?**

പ്രയാസത്തോടൊപ്പം എളുപ്പമുണ്ട്. തീർച്ചയായും പ്രയാസത്തോടൊപ്പം എളുപ്പമുണ്ട്" (ഖുർആൻ 94:5-6).

ശ്രദ്ധിക്കുക; അല്ലാഹു പറയുന്നത് 'പ്രയാസത്തിനു ശേഷം' എന്നല്ല, 'പ്രയാസത്തോടൊപ്പം' എന്നാണ്. അതായത്, പ്രയാസത്തിന്റെ നടുവിലും അല്ലാഹുവിന്റെ കരുണയുടെ വാതിലുകൾ തുറന്നുകിടക്കുന്നുണ്ട്. മനുഷ്യൻ കാണുന്നത് അടഞ്ഞ വാതിലുകളായിരിക്കാം. അല്ലാഹു കാണുന്നത് തുറക്കാനിരിക്കുന്ന വഴികളായിരിക്കും. അനീതിക്കെതിരെ ചില ഹൃദയങ്ങൾ ഉണർന്നു. ഖുറൈശികൾ എല്ലാവരും ഒരേ മനസ്സുള്ളവരായിരുന്നില്ല. അനീതിയുടെ കാഠിന്യം ചിലരുടെ മനസ്സിൽ അസ്വസ്ഥത സൃഷ്ടിച്ചു.

ഹിശാം ബിൻ അംറ്, സുഹൈർ ബിൻ അബീ ഉമയ്യ, മുത്ഇം തുടങ്ങിയ ചിലർ ഈ ബഹിഷ്കരണത്തിനെതിരെ നിലകൊണ്ടതായി ചരിത്ര ഗ്രന്ഥങ്ങളിൽ കാണാം. ഇത് ചരിത്രത്തിലെ മറ്റൊരു വലിയ പാഠമാണ്. അനീതി ഒരു മതത്തിന്റെയോ സമൂഹത്തിന്റെയോ മാത്രം പ്രശ്നമല്ല. നീതി മനുഷ്യന്റെ പൊതുവായ മൂല്യമാണ്. അനീതി നടക്കുമ്പോൾ അതിനെതിരെ നിൽക്കുന്ന മനുഷ്യന്റെ ഹൃദയത്തിൽ മനുഷ്യത്വം ജീവിച്ചിരിക്കുന്നു. അതുകൊണ്ട് ഒരു മുസ്‌ലിം തന്റെ സമൂഹത്തിനുള്ളിലെ അനീതിക്കെതിരെയും സമൂഹത്തിന് പുറത്തുള്ള അനീതിക്കെതിരെയും ഒരുപോലെ നിലകൊള്ളണം, നീതിയുടെ പക്ഷത്തു നിൽക്കണം.

ഒടുവിൽ ഉപരോധം തകർന്നു. കാലം കടന്നുപോയി. ഖുറൈശികൾ എഴുതിയ കരാർപത്രം നശിച്ചുപോയി. അല്ലാഹുവിന്റെ നാമം ഒഴികെയുള്ള ഭാഗങ്ങൾ കീടങ്ങൾ തിന്നുകളഞ്ഞുവെന്നാണ് റിപ്പോർട്ടുകളിൽ പറയുന്നത്. അങ്ങനെ അനീതിയുടെ കരാർ തകർന്നു. ശിഅ്ബിന്റെ വാതിലുകൾ തുറന്നു.

മൂന്നു വർഷത്തോളം ഒറ്റപ്പെട്ടിരുന്ന മനുഷ്യർ വീണ്ടും മക്കയുടെ പൊതുജീവിതത്തിലേക്ക് തിരിച്ചുവന്നു. പക്ഷേ, അവരുടെ ജീവിതം പഴയതുപോലെയായിരുന്നില്ല. അവർ മാറിയിരുന്നു; കൂടുതൽ ക്ഷമയുള്ളവരായി, കൂടുതൽ ശക്തരായി, കൂടുതൽ വിശ്വാസികളായി. അവരുടെ ജീവിതം ഒരു സത്യത്തെ തെളിയിച്ചു: ശരീരത്തെ തടവിലാക്കാം; വിശ്വാസത്തെ തടവിലാക്കാനാവില്ല.

### ശിഅ്ബ് നമ്മോടു പറയുന്നത്

ഇന്നു നാം ശിഅ്ബ് അബീത്വാലിബിന്റെ ചരിത്രം വായിക്കുമ്പോൾ, അതിനെ ഒരു പഴയ സംഭവമായി മാത്രം കാണരുത്. നമ്മുടെ കാലത്തും പലതരത്തിലുള്ള 'ശിഅ്ബുകൾ' ഉണ്ട്; സാമ്പത്തികമായി ഒറ്റപ്പെട്ട കുടുംബങ്ങൾ, കടബാധ്യതയിൽ കഴിയുന്നവർ, സമൂഹത്തിൽനിന്ന് അകറ്റപ്പെട്ട വയോധികർ, പഠിക്കാനുള്ള അവസരം നഷ്ടപ്പെട്ട കുട്ടികൾ, അഭയാർഥികൾ, രോഗബാധിതർ, തൊഴിൽ നഷ്ടപ്പെട്ടവർ, ഒറ്റപ്പെടലിൽ കഴിയുന്നവർ...ഇങ്ങനെ പലരും. അവരുടെ വീടുകളിൽ നമുക്ക് ശിഅ്ബിലെ കുഞ്ഞുങ്ങളുടെ വിശപ്പിന്റെ കരച്ചിൽ കേൾക്കാൻ കഴിയുന്നുണ്ടോ? അവരുടെ കണ്ണുകളിൽ നമുക്ക് ഖദീജ(റ)യുടെ സഹനത്തിന്റെ നിഴൽ കാണാൻ കഴിയുന്നുണ്ടോ? അവരുടെ ജീവിതത്തിൽ നമുക്ക് പ്രവാചകന്റെ സഹാനുഭൂതി കാണാൻ കഴിയുന്നുണ്ടോ?

ഇതാണ് ശിഅ്ബിന്റെ ചരിത്രം നമ്മോടു ചോദിക്കുന്ന ചോദ്യം. നമ്മുടെ സമ്പത്ത് ഒരു ഉത്തരവാദിത്തമാണ്. ഖദീജ(റ)യുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് സമ്പത്തിന്റെ മറ്റൊരു ഭാഷയാണ്. നമ്മുടെ ബാങ്ക് അക്കൗണ്ടിലെ സംഖ്യ മാത്രമല്ല നമ്മുടെ സമ്പത്ത്. നമ്മുടെ സമയം സമ്പത്താണ്, നമ്മുടെ

അറിവു സമ്പത്താണ്, നമ്മുടെ കഴിവു സമ്പത്താണ്, നമ്മുടെ ബന്ധങ്ങൾ സമ്പത്താണ്, നമ്മുടെ സ്വാധീനം സമ്പത്താണ്. അതിനെല്ലാം മറ്റുള്ളവരുടെ ജീവിതത്തിൽ നന്മ സൃഷ്ടിക്കാൻ ഉപയോഗിക്കുമ്പോഴാണ് അവയ്ക്ക് യഥാർഥ മൂല്യം ലഭിക്കുന്നത്.

**സമൂഹം ഒരു ശരീരം**

പ്രവാചകൻ(സ്വ) വിശ്വാസികളുടെ പരസ്പര ബന്ധത്തെ ഒരു ശരീരത്തോട് ഉപമിച്ചു. ഒരു ശരീരത്തിന്റെ ഒരു ഭാഗത്തിനു വേദനിച്ചാൽ മറ്റുഭാഗങ്ങൾക്കും അതിന്റെ വേദന അനുഭവപ്പെടുന്നു. അതുതന്നെയാണ് ശിഅ്ബിന്റെ പാഠം. ഒരു കുടുംബത്തിന്റെ വിശപ്പ് സമൂഹത്തിന്റെ പ്രശ്നമാണ്. ഒരു കുട്ടിയുടെ വിദ്യാഭ്യാസമില്ലായ്മ സമൂഹത്തിന്റെ പ്രശ്നമാണ്. ഒരു വിധവയുടെ കണ്ണീർ സമൂഹത്തിന്റെ പ്രശ്നമാണ്. ഒരു ദരിദ്രന്റെ കടബാധ്യത സമൂഹത്തിന്റെ പ്രശ്നമാണ്. അതുകൊണ്ട് പള്ളികളും മഹല്ലുകളും വെറും ആരാധനാകേന്ദ്രങ്ങൾ മാത്രമാകരുത്. അവ ആശ്വാസത്തിന്റെ കേന്ദ്രങ്ങളുമാകണം.

ഭക്ഷണം ലഭിക്കാത്തവന് ഭക്ഷണം കിട്ടുന്ന ഇടം. വിദ്യാഭ്യാസം ആവശ്യമുള്ളവന് സഹായം ലഭിക്കുന്ന ഇടം. കടബാധ്യതയിലുള്ളവന് കൈത്താങ്ങ് ലഭിക്കുന്ന ഇടം. ഒറ്റപ്പെട്ടവന് കൂട്ടു ലഭിക്കുന്ന ഇടം. അനാഥന് സംരക്ഷണം ലഭിക്കുന്ന ഇടം. അതാണ് ശിഅ്ബ് അബീ ത്വാലിബിന്റെ ആത്മാവ്. പ്രതിസന്ധി നമ്മെ തകർക്കാനല്ല, രൂപപ്പെടുത്താനാണ്. ജീവിതത്തിൽ ചിലപ്പോൾ നാം ചോദിക്കും:

"എന്തുകൊണ്ടാണ് ഈ പ്രയാസം എനിക്ക്?"

"എന്തുകൊണ്ടാണ് ഇത്രയും നഷ്ടങ്ങൾ?"

"എന്തുകൊണ്ടാണ് എന്റെ പ്രാർഥനയ്ക്ക് ഉത്തരം വൈകുന്നത്?"

ശിഅ്ബ് അബീ ത്വാലിബിന്റെ ചരിത്രം അതിന് ഒരു മറുപടി നൽകുന്നു: പ്രതിസന്ധി വന്നതുകൊണ്ട് അല്ലാഹു നമ്മെ ഉപേക്ഷിച്ചുവെന്ന് അർഥമില്ല. ചിലപ്പോൾ പ്രതിസന്ധി നമ്മെ കൂടുതൽ ശക്തരാക്കാനാണ്. ചിലപ്പോൾ അത് നമ്മുടെ ഉള്ളിലെ വിശ്വാസത്തെ കണ്ടെത്താനാണ്. ചിലപ്പോൾ അത് നമ്മെ മറ്റുള്ളവരുടെ വേദന മനസ്സിലാക്കാൻ പഠിപ്പിക്കാനാണ്. ചിലപ്പോൾ ഒരു വാതിൽ അടയ്ക്കുന്നത് മറ്റൊരു വലിയ വാതിൽ തുറക്കാനാണ്.

ശിഅ്ബിന്റെ ഇരുട്ടിനുശേഷം മദീനയുടെ പ്രഭാതം വന്നതുപോലെ, മനുഷ്യജീവിതത്തിലും ഇരുട്ടുക ൾക്കു ശേഷം വെളിച്ചം വരും.

**ചരിത്രത്തിന്റെ ഏറ്റവും വലിയ സന്ദേശം**

ശിഅ്ബ് അബീത്വാലിബിന്റെ കഥ ഒടുവിൽ നമ്മോട് പറയുന്നത് വളരെ ലളിതമായ ഒരു കാര്യമാണ്: വിശ്വാസം സുഖസൗകര്യങ്ങളിൽ തെളിയുന്നതല്ല; പരീക്ഷണത്തിലാണ് അതിന്റെ യഥാർഥ പ്രകാശം കാണുന്നത്. വിശപ്പുണ്ടായിട്ടും അവർ വിശ്വാസം ഉപേക്ഷിച്ചില്ല. ഒറ്റപ്പെട്ടിട്ടും അവർ ലക്ഷ്യം ഉപേക്ഷിച്ചില്ല. ഭീഷണിയുണ്ടായിട്ടും അവർ സത്യം ഉപേക്ഷിച്ചില്ല. അനീതി നേരിട്ടിട്ടും അവർ നീതി ഉപേക്ഷിച്ചില്ല. അതിനാലാണ് ശിഅ്ബ് അബീത്വാലിബ് ചരിത്രത്തിലെ ഒരു മലഞ്ചെരിവ് മാത്രമല്ലാതായത്. അത് ക്ഷമയുടെ പാഠശാലയായി. അത് ത്യാഗത്തിന്റെ സ്മാരകമായി. അത് സാമൂഹിക ഐക്യത്തിന്റെ പ്രതീകമായി. അത് അല്ലാഹുവിലുള്ള തവക്കുലിന്റെ ജീവിക്കുന്ന ഉദാഹരണമായി. ഇന്ന് ആ മലഞ്ചെരിവിന്റെ നിശ്ശബ്ദതയിൽനിന്ന് ഒരു ശബ്ദം കേൾക്കുന്നതുപോലെ തോന്നുന്നു:

*"പ്രയാസം വന്നാൽ തകരരുത്.*
*വിശപ്പു വന്നാൽ വിശ്വാസത്തെ വിൽക്കരുത്.*
*ഒറ്റപ്പെടൽ വന്നാൽ പ്രതീക്ഷ കൈവിടരുത്.*
*അനീതി വന്നാൽ മൗനം പാലിക്കരുത്.*
*കാരണം, പ്രയാസത്തോടൊപ്പം തന്നെ അല്ലാഹുവിന്റെ സഹായവും ഉണ്ടാകുന്നു."*

*(അവസാനിച്ചു)*

**"പ്രതിസന്ധി വന്നതുകൊണ്ട് അല്ലാഹു നമ്മെ ഉപേക്ഷിച്ചുവെന്ന് അർഥമില്ല. ചിലപ്പോൾ പ്രതിസന്ധി നമ്മെ കൂടുതൽ ശക്തരാക്കാനാണ്. ചിലപ്പോൾ അത് നമ്മുടെ ഉള്ളിലെ വിശ്വാസത്തെ കണ്ടെത്താനാണ്. ചിലപ്പോൾ അത് നമ്മെ മറ്റുള്ളവരുടെ വേദന മനസ്സിലാക്കാൻ പഠിപ്പിക്കാനാണ്. ചിലപ്പോൾ ഒരു വാതിൽ അടയ്ക്കുന്നത് മറ്റൊരു വലിയ വാതിൽ തുറക്കാനാണ്.**

പ്രായം കൂടുമ്പോഴുണ്ടാകുന്ന എല്ലാ മറവിയെയും നിസ്സാരമായി കാണരുത്. ഓർമക്കുറവ് ദൈനം ദിന ജീവിതത്തെ ബാധിക്കുന്നുവെന്ന് തോന്നിയാൽ, എത്രയും പെട്ടെന്ന് വിദഗ്ധ ഡോക്ടറെ സമീപിക്കുകയാണ് ഉചിതം. രോഗത്തെക്കുറിച്ചുള്ള ശരിയായ അറിവും കുടുംബത്തിന്റെ പിന്തുണയും രോഗിയുടെയും പരിചരിക്കുന്നവരുടെയും ജീവിതത്തെ കൂടുതൽ സുഗമമാക്കാൻ സഹായിക്കും.



# അൽഷൈമേഴ്സ്; നേരിടേണ്ടത് രോഗിയെയല്ല; രോഗത്തെ

ഡോ. ഹുസ്ന ഹുസൈൻ

ഉമ്മ ഇന്നലെ പറഞ്ഞ കാര്യം ഇന്ന് മറക്കുന്നു... എന്നാൽ അമ്പത് വർഷം മുമ്പുള്ള കാര്യങ്ങൾ കൃത്യമായി ഓർക്കുന്നുണ്ട്.'' പ്രായമായവരെക്കുറിച്ചുള്ള ഇത്തരം അഭിപ്രായങ്ങൾ പല കുടുംബങ്ങളിലും ഇന്ന് സാധാരണമാണ്. പ്രായം കൂടുമ്പോൾ ചെറിയതോതിൽ മറവിയുണ്ടാകുന്നത് സ്വാഭാവികമാണെങ്കിലും ദൈനംദിന ജീവിതത്തെ ബാധിക്കുന്നതരത്തിൽ ഓർമശക്തിയും ചിന്താശേഷിയും ക്രമേണ നഷ്ടപ്പെടുന്നത് സാധാരണ വാർധക്യത്തിന്റെ ഭാഗമല്ല. അത്തരം അവസ്ഥയാണ് അൽഷൈമേഴ്സ് രോഗം (Alzheimer's disease).

ലോകമെമ്പാടും ഡിമെൻഷ്യയ്ക്ക് കാരണമാകുന്ന ഏറ്റവും സാധാരണമായ രോഗമാണ് അൽഷൈമേഴ്സ്. പ്രായമായവരിലാണ് കൂടുതലായി കണ്ടുവരുന്നതെങ്കിലും, അപൂർവമായി ചെറുപ്പക്കാരിലും ഈ രോഗം ഉണ്ടാകാം.

**എന്താണ് അൽഷൈമേഴ്സ് രോഗം?**

മസ്തിഷ്കത്തിലെ നാഡീകോശങ്ങൾ ക്രമേണ നശിച്ചുകൊണ്ടിരിക്കുന്ന ഒരു രോഗമാണ് അൽ ഷൈമേഴ്സ്. ഇത് ചിന്ത, ഭാഷ, തീരുമാനമെടുക്കാനുള്ള കഴിവ്, വ്യക്തിത്വം, പെരുമാറ്റം എന്നിവയെ ക്രമേണ ബാധിക്കുന്നു. രോഗം വളരെ പതുക്കെയാണ് പുരോഗമിക്കുന്നത്. ആദ്യം ചെറിയ മറവിയായി തോന്നുന്ന ലക്ഷണങ്ങൾ പിന്നീട് രോഗിയുടെ ദൈനംദിന ജീവിതത്തെ സാരമായി ബാധിക്കുന്ന അവസ്ഥയിലേക്ക് എത്തിയേക്കാം.

**ആർക്കൊക്കെയാണ് കൂടുതൽ സാധ്യത?**

അൽഷൈമേഴ്സ് രോഗത്തിനുള്ള പ്രധാന അപകടസാധ്യതയാണ് പ്രായാധിക്യം. എന്നാൽ, പ്രായം കൂടിയ എല്ലാവർക്കും അൽഷൈമേഴ്സ് രോഗം ഉണ്ടാകണമെന്നില്ല.

*രോഗസാധ്യത വർധിപ്പിക്കുന്ന ചില ഘടകങ്ങൾ:*

- 65 വയസ്സിനു മുകളിലുള്ള പ്രായം.
- സ്ത്രീകളിൽ പുരുഷന്മാരെക്കാൾ കൂടുതലായി കാണപ്പെടുന്നു. സ്ത്രീകളുടെ ശരാശരി ആയുസ്സ് കൂടുതലായതിനാലും ചില ജൈവ ഹോർമോൺ ഘടകങ്ങളും ഇതിന് കാരണമാകാമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.
- കുടുംബ പാരമ്പര്യം.
- ഉയർന്ന രക്തസമ്മർദം.
- പ്രമേഹം.
- ഉയർന്ന കൊളസ്ട്രോൾ.
- അമിതവണ്ണം.
- പുകവലി.
- ശാരീരിക പ്രവർത്തനക്കുറവ്.
- കേൾവിശക്തിക്കുറവ്.
- ഉറക്കക്കുറവ്.
- സാമൂഹിക ഇടപെടലുകളുടെ കുറവ്.

*ലക്ഷണങ്ങൾ; ആദ്യഘട്ടത്തിൽ*

- അടുത്തിടെ നടന്ന കാര്യങ്ങൾ മറക്കുക.
- ഒരേ ചോദ്യം വീണ്ടും വീണ്ടും ചോദിക്കുക.
- സാധനങ്ങൾ എവിടെ വെച്ചുവെന്നത് മറക്കുക.
- ശരിയായ വാക്കുകൾ കണ്ടെത്താൻ ബുദ്ധിമുട്ടുക.
- തീയതികളുടെയും സമയത്തിന്റെയും കാര്യത്തിൽ ആശയക്കുഴപ്പമുണ്ടാവുക.
- പണം കൈകാര്യം ചെയ്യുന്നതിലും മരുന്നുകൾ കൃത്യമായി കഴിക്കുന്നതിലും ബുദ്ധിമുട്ട് അനുഭവപ്പെടുക.

*രോഗം പുരോഗമിക്കുമ്പോൾ*

- പരിചിതമായ സ്ഥലങ്ങളിൽ പോലും വഴിതെറ്റുക.
- കുടുംബാംഗങ്ങളെ തിരിച്ചറിയാൻ ബുദ്ധിമുട്ടുക.
- വ്യക്തിത്വത്തിലും പെരുമാറ്റത്തിലും മാറ്റങ്ങൾ.
- സംശയസ്വഭാവം വർധിക്കുക.
- രാത്രികാല അസ്വസ്ഥത.
- ദൈനംദിന കാര്യങ്ങൾ സ്വയം ചെയ്യാൻ കഴിയാതാകുക.

**രോഗനിർണയം**

അൽഷൈമേഴ്സ് രോഗം രക്തപരിശോധനയിലൂടെ മാത്രം കണ്ടെത്താൻ കഴിയില്ല. രോഗിയുടെ ആരോഗ്യചരിത്രം, ഓർമശക്തി, ചിന്താശേഷി, പെരുമാറ്റം എന്നിവ ഡോക്ടർ വിശദമായി വിലയിരുത്തും. ആവശ്യമായ സാഹചര്യങ്ങളിൽ രക്തപരിശോധനകളും മസ്തിഷ്കത്തിന്റെ സി.ടി. സ്കാൻ അല്ലെങ്കിൽ എം.ആർ.ഐ.

പരിശോധനകളും നിർദേശിക്കാം. വിറ്റാമിൻ ബി-12ന്റെ കുറവ്, തൈറോയ്ഡ് രോഗങ്ങൾ തുടങ്ങിയ ചികിത്സിക്കാവുന്ന മറ്റു കാരണങ്ങളെ ഒഴിവാക്കാനും ഈ പരിശോധനകൾ സഹായിക്കും.

**ചികിത്സയുണ്ടോ?**

ഇതുവരെ അൽഷൈമേഴ്സ് രോഗം പൂർണമായി ഭേദമാക്കുന്ന ചികിത്സ ലഭ്യമായിട്ടില്ല. എന്നിരുന്നാലും, രോഗത്തിന്റെ പുരോഗതി മന്ദഗതിയിലാക്കാനും ചില ലക്ഷണങ്ങൾക്ക് ആശ്വാസം നൽകാനും സഹായിക്കുന്ന മരുന്നുകൾ നിലവിലുണ്ട്. കൂടാതെ, ബുദ്ധിശേഷി ഉത്തേജിപ്പിക്കുന്ന പ്രവർത്തനങ്ങൾ, കൃത്യമായ വ്യായാമം, മറ്റ് ആരോഗ്യപ്രശ്നങ്ങൾ നിയന്ത്രിക്കൽ എന്നിവയും ചികിത്സയുടെ പ്രധാന ഭാഗമാണ്.

**വീട്ടിൽ എങ്ങനെ പരിചരിക്കാം?**

അൽഷൈമേഴ്സ് രോഗിയെ പരിചരിക്കുമ്പോൾ ക്ഷമയും കരുതലും ഏറ്റവും പ്രധാനമാണ്.

- ഒരേകാര്യം പലതവണ ചോദിച്ചാലും ദേഷ്യപ്പെടരുത്.
- മറവി പരീക്ഷിക്കാൻ ശ്രമിക്കരുത്.
- ലളിതവും വ്യക്തവുമായ ഭാഷയിൽ സംസാരിക്കുക.
- ദിവസേനയുള്ള കാര്യങ്ങൾക്ക് സ്ഥിരമായ ഒരു ക്രമം പാലിക്കുക.
- കലണ്ടർ, ക്ലോക്ക്, പേരെഴുതിയ ലേബലുകൾ തുടങ്ങിയവ ഉപയോഗിക്കുക.
- വീടിനുള്ളിൽ വീഴ്ചയും അപകടങ്ങളും ഒഴിവാക്കുന്ന വിധത്തിൽ സുരക്ഷ ഉറപ്പാക്കുക.
- പോഷകസമൃദ്ധമായ ആഹാരവും ആവശ്യമായ വെള്ളവും ഉറക്കവും ഉറപ്പാക്കുക.
- കഴിയുന്നത്ര സ്വയം കാര്യങ്ങൾ ചെയ്യാൻ രോഗിയെ പ്രോത്സാഹിപ്പിക്കുക.

രോഗിയുടെ മറവി മനഃപൂർവമുള്ളതല്ല; അത് രോഗത്തിന്റെ ഭാഗമാണെന്ന് കുടുംബാംഗങ്ങൾ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

**രോഗം തടയാനാകുമോ?**

അൽഷൈമേഴ്സ് രോഗത്തെ തടയാൻ കഴിയില്ല. എന്നിരുന്നാലും, ആരോഗ്യകരമായ ജീവിത ശൈലിയിലൂടെ രോഗസാധ്യത ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും:

- ദിവസവും വ്യായാമം ചെയ്യുക.
- പഴങ്ങളും പച്ചക്കറികളുമടങ്ങിയ സമീകൃതാഹാരം ശീലമാക്കുക.
- രക്തസമ്മർദം, പ്രമേഹം, കൊളസ്ട്രോൾ എന്നിവ നിയന്ത്രണത്തിൽ വയ്ക്കുക.
- പുകവലി ഒഴിവാക്കുക.
- ആവശ്യത്തിന് ഉറങ്ങുക.
- വായന, പുതിയ കാര്യങ്ങൾ പഠിക്കൽ, മാനസികാഭ്യാസങ്ങൾ എന്നിവയിലൂടെ മസ്തിഷ്കത്തെ സജീവമാക്കുക.
- കുടുംബാംഗങ്ങളുമായും സുഹൃത്തുക്കളുമായുള്ള സാമൂഹിക ബന്ധങ്ങൾ നിലനിർത്തുക.
- കേൾവിശക്തിക്കുറവുണ്ടെങ്കിൽ ചികിത്സ തേടുക.

പ്രായം കൂടുമ്പോഴുണ്ടാകുന്ന എല്ലാ മറവിയെയും നിസ്സാരമായി കാണരുത്. ഓർമക്കുറവ് ദൈനം ദിന ജീവിതത്തെ ബാധിക്കുന്നുവെന്ന് തോന്നിയാൽ, എത്രയും പെട്ടെന്ന് വിദഗ്ധ ഡോക്ടറെ സമീപിക്കുകയാണ് ഉചിതം. രോഗത്തെക്കുറിച്ചുള്ള ശരിയായ അറിവും കുടുംബത്തിന്റെ പിന്തുണയും രോഗിയുടെയും പരിചരിക്കുന്നവരുടെയും ജീവിതത്തെ കൂടുതൽ സുഗമമാക്കാൻ സഹായിക്കും.

■

**ശീഇസം - ഇസ്‌ലാം: ഒരു ദാർശനിക വിശകലനം 12**



# ഇമാം പ്രവാചകനും മീതെയോ? 2

ഡോ. ടി. കെ. യൂസുഫ്
: 9349798262

അന്ത്യദിനത്തിനു മുമ്പായി, മരണപ്പെട്ട ചിലർ അവരുടെ പൂർവസ്ഥിതിയിൽ ഭൂമിയിലേക്കു തിരിച്ചു വരും എന്ന വിചിത്രമായ വിശ്വാസം ശിയാക്കൾക്കുണ്ട്. അവരുടെ വീക്ഷണപ്രകാരം രണ്ടുതരം ആളുകളാണ് ഈ രൂപത്തിൽ തിരിച്ചുവരുന്നത്. അതിൽ ഒരു വിഭാഗം വിശ്വാസരംഗത്ത് ഉന്നതപദവി ലഭിച്ചവരും വാഴ്ത്തപ്പെട്ടവരുമാണ്. മറ്റേ വിഭാഗം അങ്ങേയറ്റം അധഃപതിച്ചവരും ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരുമാണ്. അന്ത്യദിനത്തിനു മുമ്പായി മഹ്ദിയുടെ കാലത്താണ് ഈ പുനർജന്മം സംഭവിക്കുക എന്ന് അവർ പറയുന്നു. ഇതിന്റെ ആവശ്യകതക്ക് അവർ പറയുന്ന ന്യായം ശത്രുക്കളോടുള്ള പ്രതികാരം നടപ്പിലാക്കുക എന്നതാണ്. ശിയാക്കളുടെ ദൃഷ്ടിയിൽ ശത്രുക്കൾ എന്നു പറയുന്നത് നബി(സ്വ)യുടെ കാല ശേഷം 'ഖിലാഫത്ത് തട്ടിയെടുത്ത' ഖലീഫമാരാണ്. ഈ പുനരുത്ഥാന നാളുകളിൽ നടക്കാനിടയുള്ള കൂട്ടക്കശാപ്പിനെക്കുറിച്ചും ശിയാഗ്രന്ഥങ്ങളിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. മരണപ്പെട്ട ഒരുപാട് ആളുകൾ ഇങ്ങനെ തിരിച്ചുവരികയും അക്രമിക്കപ്പെട്ടവർ അക്രമികളോട് പ്രതികാരം ചെയ്യുകയും ചെയ്യും. ഇതിൽ പ്രതികാരം ചെയ്യുന്നവർ ശിയാക്കളും പ്രതികാരത്തിന് വിധേയമാകുന്നവർ സുന്നികളുമായിരിക്കും.

ഈ വിശ്വസം ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് തികച്ചും വിരുദ്ധമാണ്. കാരണം ക്വുർആനിലെ ഒട്ടേറെ ആയത്തുകൾ മരിച്ചവർ ഇഹലോകത്തേക്കു തിരിച്ചുവരികയില്ലെന്ന് സ്ഥാപിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: "അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ അവൻ പറയും: എന്റെ രക്ഷിതാവേ, എന്നെ (ജീവിതത്തിലേക്ക്) തിരിച്ചയക്കേണമേ; ഞാൻ ഉപേക്ഷ വരുത്തിയിട്ടുള്ള കാര്യത്തിൽ എനിക്കു നല്ല നിലയിൽ പ്രവർത്തിക്കുവാൻ കഴിയത്തക്കവിധം. ഒരിക്കലുമില്ല! അതൊരു വെറും വാക്കാണ്. അതവൻ പറഞ്ഞുകൊണ്ടിരിക്കും. അവരുടെ പിന്നിൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം വരെ ഒരു മറയുണ്ടായിരിക്കുന്നതാണ്" (23:99,100).

ജൂതന്മാരിൽ നിന്നായിരിക്കും ഈ വിശ്വാസം ശിയാക്കളിലേക്ക് കുടിയേറിയത്. ജൂതനായ അബ്ദുല്ലാഹി ബ്നു സബഇലൂടെയാണല്ലോ ശിയായിസം വളർന്നുവന്നത്. മനുഷ്യന് അന്ത്യദിനത്തിലുള്ള വിശ്വാസം ദുർബലപ്പെടുത്താൻ ഈ വിശ്വാസത്തിലൂടെ സാധ്യമാകും. ഇബ്നു സബഇന്റെ അഭിപ്രായത്തിൽ ഇമാം അലി(റ) മാത്രമെ മരണത്തിനു ശേഷം തിരിച്ചുവരികയുള്ളൂ. എന്നാൽ പല ശിയാവിഭാഗങ്ങളും അവരുടെ നേതാക്കൾ തിരിച്ചുവരും എന്ന അഭിപ്രായക്കാരാണ്. എന്നാൽ തിരിച്ചുവരും എന്ന ഈ വാദംകൊണ്ട് മാത്രം പ്രസിദ്ധമായ ഒരു വിഭാഗവും ശിയാക്കളിലുണ്ട്. 'റജ്ഇയ്യ' എന്ന പേരിലാണവർ അറിയപ്പെടുന്നത്. 'റജഅ' എന്ന അറബി പദത്തിന് 'തിരിച്ചുവരിക' എന്നാണ് അർഥം. ഈ വിശ്വാസം

അവർ രഹസ്യമായി സൂക്ഷിക്കുന്നതാണ്. അവരുടെ പ്രത്യേക സദസ്സുകളിൽ മാത്രമെ ഇത് പരാമർശിക്കാറുള്ളൂ.

നബി(സ്വ)യുടെ ഇതര സ്വഹാബികളെക്കാൾ അലി(റ)ക്ക് മഹത്ത്വം നൽകുന്നവരാണ് സാധാരണഗതിയിൽ ശിയാക്കൾ എന്ന പേരിൽ അറിയപ്പെടുന്നത്. എന്നാൽ അബൂബക്കറിനെ(റ)ക്കാളും ഉമറിനെ(റ)ക്കാളും അലി(റ)ക്ക് ശ്രേഷ്ഠത നൽകുന്ന, കുറച്ചുകൂടി അതിരുകടന്നവരുണ്ട്. അവർ റാഫിളുകൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. പ്രസ്തുത ഖലീഫമാരോട് പ്രതികാരം ചെയ്യാൻ വേണ്ടി അലി(റ) തിരിച്ചു വരും എന്ന് പറയുന്ന, ശിയാക്കളിലെ ഏറ്റവും തീവ്രതയുള്ളവരാണ് നേരത്ത പറഞ്ഞ റജ്ഇയ്യ വിഭാഗം.

തീവ്രശിയാക്കളുടെ മറ്റൊരു വാദം അല്ലാഹു അവരുടെ ഇമാമുകൾക്ക് വെളിപ്പെടുമെന്നതാണ്. ഇത്തരത്തിലൊരു വിശ്വാസം ജൂതന്മാരാണ് വെച്ചുപുലർത്തുന്നത്. ഇവർ ആ വിശ്വാസം മുസ്‌ലിംകളിലേക്ക് തിരുകിക്കയറ്റാൻ ശ്രമിച്ചതാണ്.

ശിയാക്കളിലെ ഇമാമിയ്യാക്കളുടെ വീക്ഷപ്രകാരം ലോകത്ത് എപ്പോഴും ഒരു ഇമാമുണ്ടാകും; ഒരു നിമിഷം പോലും ഇമാമില്ലാത്ത അവസ്ഥ ഉണ്ടാകുകയില്ല. ഇനി അങ്ങനെ ഒരവസ്ഥ സംജാതമാകുകയാണെങ്കിൽ സമുദ്രം അലയടിക്കുന്നതുപോലെ ഭൂമി ഇളകി മറിഞ്ഞുകൊണ്ടിരിക്കുമത്രെ! അങ്ങനെയെങ്കിൽ ഇപ്പോൾ അവരുടെ ഇമാം ആരാണ് എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരമില്ല. അവരുടെ പതിനൊന്നാമത്തെ ഇമാം മരണപ്പെട്ടത് പിൻഗാമിയില്ലാതെയാണ്. അദ്ദേഹത്തിന്റെ അനന്തരസ്വത്ത് സഹോദരനും മാതാവിനുമാണ് ലഭിച്ചത്. അതുപോലെതന്നെ ഇമാം ഹസൻ അന്തരിച്ചപ്പോഴും ഈ പിൻഗാമിയുടെ പ്രശ്നം വരികയും അവർ പതിനഞ്ചോ ഇരുപതോ ആയി വേർപിരിയുകയും ചെയ്തു. ഇമാമത്ത് അവസാനിച്ചു എന്നും ചിലർ പറഞ്ഞിരുന്നു. പക്ഷേ, ഈ പ്രശ്നത്തിന് പരിഹാരം കാണാൻ വേണ്ടി ഇബ്നു സബഅ് ഒരു പുതിയ ആശയം രൂപികരിച്ചു; അതാണ് 'ഗൈബിയ്യ' (മറഞ്ഞിരിക്കുക) എന്നു പറയുന്നത്. ഈ വാദപ്രകാരം ഹസന് ഒരു മകനുണ്ട്; പക്ഷേ, ചെറുപ്പത്തിൽ അപ്രത്യക്ഷനായതാണ്. അവനാണ് എന്നു പറഞ്ഞ് വേറെ ഒരാൾ രംഗപ്രവേശം ചെയ്യും. ഇതോടെ താൽക്കാലിക പ്രശ്നത്തിന് പരിഹാരം കാണാനാവും. മക്കളില്ലാത്ത ഇമാമുകൾ ഏതെങ്കിലും ഒരു മകൻ ജനിച്ചയുടൻ അപ്രത്യക്ഷമായതാണെന്ന് പ്രചരിപ്പിക്കുകയും സമർഥമായി മറ്റാരെങ്കിലും രംഗപ്രവേശം ചെയ്യുകയും ഇമാമത്ത് ഏറ്റെടുക്കുകയും ചെയ്യും. ഇങ്ങനെ പ്രത്യക്ഷപ്പെടുന്നവർക്ക് സ്ഥിരം പേരുകളുണ്ടാവില്ല. മഹ്ദി, ഹുജ്ജ, സ്വാഹിബ് തുടങ്ങിയ ചില സ്ഥാനപ്പേരുകളാണ് അവർ സ്വീകരിക്കാറുള്ളത്.

എന്തിനാണ് ചില ഇമാമുമാർ ഇതുപോലെ ഒളിവിൽ പോകുന്നത് എന്ന ചോദ്യത്തിന് അവർ പറയുന്ന മറുപടി 'അവരെ ആരെങ്കിലും വധിക്കുമോ എന്ന ഭയം കൊണ്ടാണ്' എന്നാണ്. എന്നാൽ ഇമാമുകൾ മരണപ്പെടുന്നത് അവരുടെ അറിവോടും അനുമതിയോടും കൂടിയാണന്നും ഈ ശിയാക്കൾ തന്നെയാണ് പറയാറുള്ളത്.

കേവലം വിശ്വാസകാര്യങ്ങളിൽ മാത്രമല്ല ശിയാക്കൾ സുന്നികളോടു വിയോജിക്കുന്നത്. പല കർമശാസ്ത്ര വിഷയങ്ങളിലും അവർക്ക് വ്യത്യസ്തമായ കാഴ്ചപ്പാടുണ്ട്. 'മുത്അ' വിവാഹം അവർ അനുവദിക്കുക മാത്രമല്ല അത് ചെയ്യാത്തവനെ മോശമായി കാണുകയും ചെയ്യുന്നു. അവരുടെ ഒരു റിപ്പോർട്ട് അതിനു തെളിവാണ്: "ആരെങ്കിലും മുത്അ വിവാഹം കഴിക്കാതെ ദുൻയാവിൽനിന്ന് മരണപ്പെട്ടാൽ അവൻ അന്ത്യദിനത്തിൽ മൂക്കും കാതുകളും മുറിക്കപ്പെട്ടവനായിവരും." അത് ചെയ്യുന്നവർക്ക് വലിയ പ്രതിഫലവുമുണ്ടത്രെ! നബി(സ്വ) പറഞ്ഞതായി അവർ കെട്ടിച്ചമച്ച ഹദീസിൽ പറയുന്നു: "ആരെങ്കിലും ഒരു പ്രാവശ്യം മുത്അ വിവാഹം ചെയ്താൽ അവന് ഹുസൈന്റെ പദവിയുണ്ട്. ആരെങ്കിലും രണ്ടു പ്രാവശ്യം മുത്അ വിവാഹം ചെയ്താൽ അവന് ഹസന്റെ പദവിയുണ്ട്. ആരെങ്കിലും മുന്നു പ്രാവശ്യം മുത്അ വിവാഹം ചെയ്താൽ അവന് അലിയുടെ പദവിയുണ്ട്. ആരെങ്കിലും നാലു പ്രാവശ്യം മുത്അ വിവാഹം ചെയ്താൽ അവന് എന്റെ മകന്റെ പദവിയുണ്ട്." ഇങ്ങനെ മുസ്‌ലിംകൾക്ക് ഒരിക്കലും യോജിച്ചുപോകാൻ കഴിയാത്ത വിശ്വാസങ്ങളും ആചാരങ്ങളുമാണ് ശിയാക്കൾ വെച്ചുപുലർത്തുന്നത്.

മുസ്‌ലിംകൾക്കിടയിൽ വല്ല അഭിപ്രായവ്യത്യാസവും ഉണ്ടായാൽ അത് ക്വുർആനിലേക്കും സുന്നത്തിലേക്കും മടക്കണമെന്നാണ് പ്രമാണം. എന്നാൽ സുന്നികൾ അംഗീകരിക്കുന്ന ക്വുർആനും സുന്നത്തും ശിയാക്കൾക്ക് അംഗീകരിക്കാനാവാത്തതാണ്. ശിയാക്കളുടെ ഗ്രന്ഥങ്ങളിൽ ക്വുർആനിനും സുന്നത്തിനും ഇജ്മാഇനും സ്വഹാബികൾക്കും എതിരായുള്ള കാര്യങ്ങളുള്ള കാലത്തോളം ശിയാ- മുസ്‌ലിം ഐക്യം ഒരു സമസ്യയായിരിക്കും.

*(അവസാനിച്ചു)*



മുസ്‌ലിം സമുദായം; ഉയർച്ചയും പതനവും 02

# ചരിത്രം; ക്വുർആനിന്റെ വീക്ഷണം

റൈഹാൻ ഷഹീദ്
: +971 50 596 0255

ചരിത്രകാരന്മാർ നാഗരികതകളുടെ ഉയർച്ചയും പതനവും വിശദീകരിക്കാൻ വിവിധ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ചിലർ സാമ്പത്തിക കാരണങ്ങൾ പറയുന്നു. ചിലർ ഭൂമിശാസ്ത്രം. ചിലർ സൈനിക ശക്തി. ചിലർ സാമൂഹികഘടന. എന്നാൽ ക്വുർആൻ ചരിത്രത്തെ മറ്റൊരു രീതിയിലാണ് വിശദീകരിക്കുന്നത്. ക്വുർആൻ ചരിത്രത്തെ യാദൃച്ഛിക സംഭവങ്ങളുടെ പരമ്പരയായി കാണുന്നില്ല. അല്ലാഹുവിന്റെ സുന്നത്തുകളുടെ (നിയമങ്ങളുടെ) അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രക്രിയയായാണ് അത് അവതരിപ്പിക്കുന്നത്.

“ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നതുവരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല; തീർച്ച” (ക്വുർആൻ 13:11)

**അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ശാശ്വതമായ അവകാശങ്ങളല്ല. അവ ഉത്തരവാദിത്തങ്ങളാണ്. അവ സംരക്ഷിക്കപ്പെടേണ്ടതാണ്. അതുകൊണ്ടാണ് ആദ്യകാല മുസ്‌ലിം സമൂഹം ക്വുർആനോട് ചേർന്നുനിന്നപ്പോൾ അവർ ലോകത്തിനു മാതൃകയായത്. അതേ സമൂഹം ക്വുർആനിക മൂല്യങ്ങളിൽനിന്ന് അകന്നപ്പോൾ ദുർബലമാവുകയും ചെയ്തു.**



ഈ വചനം മുസ്‌ലിം ചരിത്രത്തിന്റെ സാരാംശം തന്നെയാണ്. ബദ്റിലെ വിജയവും അൻഡലൂസിന്റെ ഉയർച്ചയും ഇതേനിയമത്തിന്റെ ഭാഗമാണ്. ബാഗ്ദാദിന്റെ പതനവും ഇതേനിയമത്തിന്റെ ഭാഗമാണ്. ഇന്നത്തെ മുസ്‌ലിം ലോകത്തിന്റെ അവസ്ഥയും ഇതേ നിയമത്തിനു പുറത്തല്ല.

അല്ലാഹു മറ്റൊരു സ്ഥലത്ത് പറയുന്നു: “ഒരു ജനവിഭാഗത്തിന് താൻ ചെയ്തുകൊടുത്ത അനുഗ്രഹം അവരുടെ സ്വന്തം നിലപാടിൽ അവർ മാറ്റം വരുത്തുന്നതുവരെ അല്ലാഹു മാറ്റിക്കളയുന്നതല്ല എന്നതുകൊണ്ടത്രെ അത്...” (ക്വുർആൻ 8:53).

ഈ ആയത്ത് ഒരു പ്രധാന സത്യം പഠിപ്പിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ശാശ്വതമായ അവകാശങ്ങളല്ല. അവ ഉത്തരവാദിത്തങ്ങളാണ്. അവ സംരക്ഷിക്കപ്പെടേണ്ടതാണ്. അതുകൊണ്ടാണ് ആദ്യകാല മുസ്‌ലിം സമൂഹം ക്വുർആനോട് ചേർന്നുനിന്നപ്പോൾ അവർ ലോകത്തിനു മാതൃകയായത്. അതേ സമൂഹം ക്വുർആനിക മൂല്യങ്ങളിൽനിന്ന് അകന്നപ്പോൾ ദുർബലമാവുകയും ചെയ്തു.

ക്വുർആൻ മുന്നറിയിപ്പുകൾ മാത്രമല്ല; പ്രത്യാശയും നൽകുന്നു. അല്ലാഹു പറയുന്നു: “നിങ്ങളിൽ വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു: അവൻ അവരെ ഭൂമിയിൽ അധികാരികളാക്കും... അവരുടെ ഭയത്തെ സുരക്ഷിതത്വമാക്കി മാറ്റുകയും ചെയ്യും.’(ക്വുർആൻ 24:55)

ഈ വാഗ്ദാനം ഒരു പ്രത്യേക തലമുറയ്ക്ക് മാത്രമുള്ളതല്ല. ഓരോ കാലഘട്ടത്തിലുമുള്ള വിശ്വാസികൾക്കുള്ളതാണ്. പക്ഷേ ഈ വാഗ്ദാനത്തിന് നിബന്ധനകളുണ്ട്; വിശ്വാസം, സൽകർമം, അല്ലാഹുവോടുള്ള ആത്മാർഥത പോലുള്ള. ചരിത്രം നമ്മെ പഠിപ്പിക്കുന്നത് വിജയത്തിനു കുറുക്കു വഴികളില്ല എന്നതാണ്. രാഷ്ട്രീയ മുദ്രാവാക്യങ്ങൾ, വൈകാരിക പ്രസംഗങ്ങൾ, പഴയ മഹത്വത്തിന്റെ കഥകൾ എന്നിവ കൊണ്ടൊന്നും വിജയം നേടാനാവില്ല. ഒരു ഉമ്മത്തിന്റെ നവോത്ഥാനം ആരംഭിക്കുന്നത് ഹൃദയങ്ങളിൽനിന്നാണ്. ശേഷം വീടുകളിലേക്ക്, അവിടെനിന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക്, സമൂഹത്തിലേക്ക്, ഒടുവിൽ നാഗരികതയിലേക്ക്. അതുകൊണ്ടുതന്നെ മുസ്‌ലിം ചരിത്രത്തിലെ ഏറ്റവും വലിയ പാഠം ഇതാണ്: അല്ലാഹു ചരിത്രത്തെ മാറ്റുന്നത്, മനുഷ്യർ സ്വയം മാറുമ്പോഴാണ്.

## ചരിത്രത്തിൽനിന്നു നാം പഠിക്കേണ്ടത്

ചരിത്രം സംഭവങ്ങളുടെ പട്ടികയല്ല; പാഠങ്ങളുടെ ശേഖരമാണ്.

മുസ്‌ലിം ഉമ്മത്തിന്റെ പതിനാലു നൂറ്റാണ്ടുകളുടെ ചരിത്രം പരിശോധിക്കുമ്പോൾ ഓരോ തലമുറയും പഠിക്കേണ്ട ചില അടിസ്ഥാന സത്യങ്ങൾ വ്യക്തമായി കാണാം. നമ്മുടെ പൂർവികർ എങ്ങനെ ഉയർന്നു എന്നതും എന്തുകൊണ്ട് ദുർബലരായി എന്നതും മനസ്സിലാക്കുമ്പോൾ ഭാവിയിലേക്കുള്ള വഴി കൂടുതൽ വ്യക്തമാകും.

1. *തൗഹീദ് നമ്മുടെ ഏറ്റവും വലിയ ശക്തിയാണ്:*

മുസ്‌ലിം സമൂഹത്തിന്റെ ആദ്യകാല വിജയത്തിന്റെ കേന്ദ്രത്തിൽ തൗഹീദ് ഉണ്ടായിരുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനെ മാത്രം ആശ്രയിക്കുകയും ചെയ്യുക എന്നത് ഒരു വിശ്വാസ പ്രഖ്യാപനം മാത്രമായിരുന്നില്ല; അത് ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്വാധീനിച്ച ഒരു ലോകവീ ക്ഷണമായിരുന്നു. അധികാരം, സമ്പത്ത്, പ്രശസ്തി എന്നിവയെല്ലാം അല്ലാഹുവിന്റെ വിധിക്ക് കീഴിലാണെന്ന ബോധമാണ് ആദ്യകാല മുസ്‌ലിംകളെ ഭയരഹിതരാക്കിയത്.

എവിടെയൊക്കെയാണോ ഈ വിശ്വാസത്തിൽ വ്യതിയാനം വന്നത് അവിടെയൊക്കെ പരാജയം ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്.

2. *വിജ്ഞാന സമ്പാദനത്തെ ആരാധനയായി കാണണം:*

ആദ്യത്തെ ദിവ്യസന്ദേശം ‘ഇക്‌റഅ്’ എന്നായിരുന്നു. ഇസ്‌ലാമിക നാഗരികതയുടെ വളർച്ച ആരംഭിച്ചത് ഗ്രന്ഥശാലകളിൽനിന്നാണ്, കൊട്ടാരങ്ങളിൽ നിന്നല്ല. ഇന്നു ലോകത്തെ നയിക്കുന്ന രാഷ്ട്രങ്ങൾ ഗവേഷണത്തിലും വിദ്യാഭ്യാസത്തിലും ശാസ്ത്രത്തിലും നിക്ഷേപം നടത്തുന്നവയാണ്. മുസ്‌ലിം സമൂഹം വിദ്യാഭ്യാസത്തെയും ഗവേഷണത്തെയും വീണ്ടും കേന്ദ്രസ്ഥാനത്തേക്ക് കൊണ്ടുവരേണ്ടതുണ്ട്. ഒരു സമൂഹം മറ്റുള്ളവരുടെ കണ്ടുപിടിത്തങ്ങൾ മാത്രം ഉപയോഗിച്ചുകൊണ്ടിരുന്നാൽ അത് ഉപഭോക്തൃ സമൂഹമായി തുടരും; നിർമാതാക്കളാകാൻ കഴിയില്ല.

3. *ഐക്യമില്ലാതെ ഉയർച്ചയില്ല:*

ചരിത്രത്തിലെ എല്ലാ വലിയ തിരിച്ചടികൾക്കും പിന്നിൽ മുസ്‌ലിംകളുടെ ആഭ്യന്തര വിഭജനങ്ങൾ പ്രധാന കാരണങ്ങളിലൊന്നായിരുന്നു. ഖുർആൻ പറയുന്നു: “നിങ്ങൾ ഭിന്നിച്ചുപോകരുത്. എങ്കിൽ നിങ്ങൾക്ക് ധൈര്യക്ഷയം നേരിടുകയും നിങ്ങളുടെ വീര്യം (നശിച്ചു) പോകുകയും ചെയ്യും” (ഖുർആൻ 8:46).

അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമാണ്. എന്നാൽ അവ ശത്രുതയിലേക്കും പരസ്പര നശീകരണത്തിലേക്കും നയിക്കുമ്പോൾ സമൂഹം ദുർബലമാകുന്നു.

4. *സ്ഥാപനങ്ങൾ നിർമിക്കണം:*

ചരിത്രം മാറ്റിയത് വ്യക്തികൾ മാത്രമല്ല; അവർ നിർമിച്ച സ്ഥാപനങ്ങളുമാണ്. ബൈത്തുൽ ഹിക്മ, അൽഅസ്ഹർ, നിസാമിയ്യ മദ്റസകൾ, വഖ്ഫ് സ്ഥാപനങ്ങൾ, ആശുപത്രികൾ, ഗ്രന്ഥശാലകൾ എന്നിവ തലമുറകളെ രൂപപ്പെടുത്തി. ഇന്നും മുസ്‌ലിം സമൂഹത്തിന് ആവശ്യമുള്ളത് ദീർഘകാലം നിലനിൽക്കുന്ന വിദ്യാഭ്യാസ, ഗവേഷണ, സാമ്പത്തിക, സാമൂഹിക സ്ഥാപനങ്ങളാണ്.

5. *സാമ്പത്തിക ശക്തി അനിവാര്യമാണ്:*

ആത്മീയതയും സാമ്പത്തികശക്തിയും പരസ്പരവിരുദ്ധമല്ല. സകാത്ത്, വഖ്ഫ്, ബൈത്തുൽമാൽ തുടങ്ങിയ



**ചരിത്രം ഒരു കണ്ണാടിയാണ്. അതിൽ ഭൂതകാലം മാത്രമല്ല കാണുന്നത്. നമ്മുടെ ഭാവിയും കാണാം. ചരിത്രത്തിന്റെ ഏറ്റവും വലിയ മുന്നറിയിപ്പ് ഇതാണ്: പഴയ മഹത്ത്വത്തെക്കുറിച്ച് സംസാരിക്കുന്ന സമൂഹങ്ങൾ ചരിത്രപുസ്തകങ്ങളിൽ ജീവിക്കും. പുതിയ മഹത്ത്വം സൃഷ്ടിക്കുന്ന സമൂഹങ്ങളാണ് ചരിത്രം എഴുതുക. ചരിത്രം മഹാന്മാരെ ഓർക്കുന്നു. ചരിത്രം രചിക്കുന്നത് സ്വപ്നം കാണാൻ ധൈര്യപ്പെടുകയും വിശ്വാസത്തോടെ പ്രവർത്തിക്കുകയും മനുഷ്യരാശിക്ക് സംഭാവന നൽകുകയും ചെയ്യുന്ന തലമുറകളാണ്.**

സംവിധാനങ്ങൾ സാമൂഹികനീതിയും സാമ്പത്തിക സ്വയംപര്യാപ്തതയും ഉറപ്പാക്കാൻ രൂപപ്പെടുത്തിയവയായിരുന്നു. സാമ്പത്തികമായി ദുർബലമായ ഒരു സമൂഹത്തിന് വിദ്യാഭ്യാസത്തിലും സാമൂഹിക സേവനത്തിലും വലിയ മുന്നേറ്റം സാധ്യമല്ല.

6. *ധാർമിക നേതൃത്വം:*

ചരിത്രത്തിലെ ഉന്നതരായ മുസ്‌ലിം നേതാക്കൾ അധികാരത്തെക്കാൾ ഉത്തരവാദിത്തത്തിന് പ്രാധാന്യം നൽകിയവരായിരുന്നു. അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ), അലി(റ), ഉമർ ഇബ്നു അബ്ദുൽ അസീസ്, സ്വലാഹുദ്ദീൻ അയ്യൂബി തുടങ്ങിയവർ ഇന്നും ഓർമിക്കപ്പെടുന്നത് അവരുടെ നീതിബോധവും വിശ്വാസ ദാർഢ്യവും കൊണ്ടാണ്.

7. *ദഅ്‌വത്തും സേവനവും:*

വ്യാപാരികളിലൂടെയും പണ്ഡിതന്മാരിലൂടെയും അധ്യാപകരിലൂടെയും സേവനപ്രവർത്തകരിലൂടെയുമൊക്കെയാണ് ഇസ്‌ലാം ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും എത്തിയത്. കേരളം മുതൽ ഇന്തോനേഷ്യ വരെ അതിന്റെ തെളിവുകൾ കാണാം. അതുകൊണ്ട് ഒരു മുസ്‌ലിം സമൂഹത്തിന്റെ ശക്തി അതിന്റെ ജനസംഖ്യയിലല്ല; അതിന്റെ സംഭാവനകളിലാണ്.

ക്വുർആനോട് ചേർന്നുനിന്ന സമൂഹം ഉയർന്നു. വിജ്ഞാനത്തെ സ്വീകരിച്ച സമൂഹം വളർന്നു. നീതി സ്ഥാപിച്ച സമൂഹം ആദരിക്കപ്പെട്ടു. ഈ മൂല്യങ്ങളിൽനിന്ന് അകന്നവർ ദുർബലമാവുകയും ചെയ്തു.

### ചരിത്രം നൽകുന്ന മുന്നറിയിപ്പ്

മുസ്‌ലിം ചരിത്രം നമ്മെ പ്രചോദിപ്പിക്കുന്നു. എന്നാൽ അതോടൊപ്പം തന്നെ മുന്നറിയിപ്പും നൽകുന്നു. ആ മുന്നറിയിപ്പു വളരെ വ്യക്തമാണ്. ഒരു ഉമ്മത്തിനും ശാശ്വതമായ വിജയമില്ല. ചരിത്രത്തിലെ ഏറ്റവും ശക്തരായ സാമ്രാജ്യങ്ങൾ പോലും ഇല്ലാതായിട്ടുണ്ട്. ഇന്ന് റോമാക്കാർ ഇല്ല. സസാനികൾ ഇല്ല. മംഗോളുകളുടെ ആധിപത്യമില്ല. ബ്രിട്ടീഷ് സാമ്രാജ്യവും ചരിത്രത്തിന്റെ ഭാഗമായി. അതുപോലെ മുസ്‌ലിം ലോകവും ഉയർച്ചയും താഴ്ചയും അനുഭവിച്ചിട്ടുണ്ട്. ഇതിന്റെ കാരണം ക്വുർആൻ വ്യക്തമായി വിശദീകരിക്കുന്നു.

അല്ലാഹു പറയുന്നു: “ആ ദിവസങ്ങളിലെ ജയാപജയങ്ങൾ ആളുകൾക്കിടയിൽ നാം മാറ്റിക്കൊണ്ടിരിക്കുന്നതാണ്” (ക്വുർആൻ 3:140).

വിജയവും പരാജയവും ചരിത്രത്തിന്റെ ഭാഗമാണ്. എന്നാൽ അവ യാദൃച്ഛികമല്ല. അല്ലാഹുവിന്റെ സുന്നത്തുകൾക്കനുസരിച്ചാണ് അവ സംഭവിക്കുന്നത്. ഒരു സമൂഹം നീതി ഉപേക്ഷിച്ചാൽ, വിജ്ഞാനം അവഗണിച്ചാൽ, അഴിമതി വ്യാപകമായാൽ, ആഡംബരത്തിൽ മുങ്ങിയാൽ, അല്ലാഹുവിന്റെ മാർഗനിർദേശത്തിൽ നിന്ന് അകന്നാൽ, അവരുടെ ശക്തി ക്രമേണ ക്ഷയിക്കും.

ഇത് മുസ്‌ലിംകൾക്ക് മാത്രമല്ല. എല്ലാ സമൂഹങ്ങൾക്കും ബാധകമായ ചരിത്രനിയമമാണ്. അതുകൊണ്ടാണ് ക്വുർആൻ വീണ്ടും വീണ്ടും മുൻകാല ജനതകളുടെ കഥകൾ പറയുന്നത്. അവരെക്കുറിച്ച് ദുഃഖിക്കാനല്ല; അവരെപ്പോലെ ആകാതിരിക്കാൻ. ഇവിടെയാണ് ഇന്ന് നാം ആത്മപരിശോധന നടത്തേണ്ടത്. നമ്മുടെ ചർച്ചകൾ ഭൂതകാലത്തെക്കുറിച്ചാണോ അതോ ഭാവിയെക്കുറിച്ചോ?

**വ്യാപാരികളിലൂടെയും പണ്ഡിതന്മാരിലൂടെയും അധ്യാപകരിലൂടെയും സേവന പ്രവർത്തകരിലൂടെയുമൊക്കെയാണ് ഇസ്‌ലാം ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും എത്തിയത്. കേരളം മുതൽ ഇന്തോനേഷ്യ വരെ അതിന്റെ തെളിവുകൾ കാണാം. അതുകൊണ്ട് ഒരു മുസ്‌ലിം സമൂഹത്തിന്റെ ശക്തി അതിന്റെ ജനസംഖ്യയിലല്ല; അതിന്റെ സംഭാവനകളിലാണ്.**



നാം മുൻകാല മുസ്‌ലിം ശാസ്ത്രജ്ഞരെ പ്രശംസിക്കുന്നു; എന്നാൽ പുതിയ ശാസ്ത്രജ്ഞരെ വളർത്തുന്നുണ്ടോ? നാം അൽഖവാരിസ്മിയെക്കുറിച്ച് അഭിമാനിക്കുന്നു; എന്നാൽ നമ്മുടെ കുട്ടികളെ ഗണിതത്തിലും സാങ്കേതികവിദ്യയിലും മികവുറ്റവരാക്കാൻ പരിശ്രമിക്കുന്നുണ്ടോ? നാം ബാഗ്ദാദിലെ ഗ്രന്ഥശാലകളെക്കുറിച്ച് സംസാരിക്കുന്നു; എന്നാൽ നമ്മുടെ നഗരങ്ങളിൽ പുതിയ ഗ്രന്ഥശാലകളും ഗവേഷണകേന്ദ്രങ്ങളും സ്ഥാപിക്കുന്നുണ്ടോ? നാം സ്വലാഹുദ്ദീനെ ഓർക്കുന്നു. പക്ഷേ നീതിക്കും ധാർമികതയ്ക്കും വേണ്ടി നിലകൊള്ളുന്ന നേതാക്കളെ വളർത്തുന്നുണ്ടോ?

ചരിത്രം ഒരു കണ്ണാടിയാണ്. അതിൽ ഭൂതകാലം മാത്രമല്ല കാണുന്നത്. നമ്മുടെ ഭാവിയും കാണാം. ചരിത്രത്തിന്റെ ഏറ്റവും വലിയ മുന്നറിയിപ്പ് ഇതാണ്: പഴയ മഹത്ത്വത്തെക്കുറിച്ച് സംസാരിക്കുന്ന സമൂഹങ്ങൾ ചരിത്രപുസ്തകങ്ങളിൽ ജീവിക്കും. പുതിയ മഹത്ത്വം സൃഷ്ടിക്കുന്ന സമൂഹങ്ങളാണ് ചരിത്രം എഴുതുക.

### ചരിത്രം സൃഷ്ടിക്കുന്ന തലമുറ

മുൻഗാമികളുടെ ധീരചരിത്രത്തിൽ അഭിമാനിക്കുന്ന നമ്മൾ സ്വയം ചോദിക്കുക; നാം ചരിത്രം വായി ക്കുന്നവരാണോ അതോ ചരിത്രം സൃഷ്ടിക്കുന്നവരോ?

ഒരു സമൂഹം പൂർവികരുടെ നേട്ടങ്ങളിൽ അഭിമാനംകൊണ്ടു മാത്രം ജീവിക്കാൻ തുടങ്ങുമ്പോൾ അതിന്റെ സൃഷ്ടിപരത ക്രമേണ നഷ്ടപ്പെടുന്നു. ഓരോ സമ്മേളനത്തിലും അൽഖവാരിസ്മിയെക്കുറിച്ച് സംസാരിക്കുകയും, ഓരോ പ്രസംഗത്തിലും സ്വലാഹുദ്ദീൻ അയ്യൂബിയെ പ്രശംസിക്കുകയും, ഓരോ ലേഖനത്തിലും പഴയ ബാഗ്ദാദിന്റെ മഹത്ത്വം വിവരിക്കുകയും ചെയ്യുന്നതു മാത്രം നവോത്ഥാനത്തിനു കാരണമാകില്ല. ചരിത്രം ആദരിക്കപ്പെടേണ്ടതാണ്. എന്നാൽ അതിനെക്കാൾ പ്രധാനപ്പെട്ടത് ചരിത്രത്തെ പിന്തുടരുന്ന തലമുറകളെ സൃഷ്ടിക്കലാണ്.

ഇന്ന് മുസ്‌ലിം സമൂഹത്തിന് ആവശ്യമുള്ളത് പുതിയ അൽഖവാരിസ്മിമാരെയും പുതിയ ഇബ്നുൽ ഹയ്ഥമുമാരെയും പുതിയ ഇബ്നു ഖൽദൂന്മാരെയും പുതിയ സ്വലാഹുദ്ദീന്മാരെയുമാണ്. നമ്മുടെ വീടുകളിൽ നിന്നാണ് അവർ വളർന്നുവരേണ്ടത്. നമ്മുടെ മദ്റസകളിൽ നിന്നും സർവകലാശാലകളിൽ നിന്നും ഗവേഷണകേന്ദ്രങ്ങളിൽനിന്നും അവർ രൂപപ്പെടണം.

ഒരു കുട്ടി ഖുർആൻ മനഃപാഠമാക്കുന്നതോടൊപ്പം ശാസ്ത്രം, ഗണിതം, ഗവേഷണം പോലുള്ളവയിൽ മികവു തെളിയിക്കുമ്പോഴാണ് ഇസ്‌ലാമിക നാഗരികതയുടെ ആത്മാവിനു ചൈതന്യമുണ്ടാകുന്നത്. ഒരു മുസ്‌ലിം യുവാവ് സാങ്കേതികവിദ്യയിലോ വൈദ്യശാ

സ്ത്രത്തിലോ സാമ്പത്തികശാസ്ത്രത്തിലോ നിയമത്തിലോ ഇതര വൈജ്ഞാനിക മേഖലകളിലോ ലോകോത്തര നിലവാരം കൈവരിക്കുമ്പോൾ, അത് അയാളുടെ വ്യക്തിപരമായ വിജയം മാത്രമല്ല; ഉമ്മത്തിന്റെ കൂടി വിജയമാണ്.

ഓരോ അധ്യാപകനും ഒരു ഭാവിശാസ്ത്രജ്ഞനെ വളർത്താം. ഓരോ രക്ഷിതാവിനും ഒരു ഭാവി നേതാവിനെ വളർത്താം. ഓരോ പള്ളിക്കും ഒരു വിജ്ഞാന കേന്ദ്രമാകാം. ഓരോ വിദ്യാർഥിക്കും തന്റെ പഠനത്തെ ഉമ്മത്തിനുള്ള സേവനമാക്കി മാറ്റാം. പ്രവാചകൻ(സ്വ) ഒരിക്കൽ പറഞ്ഞു: 'ജനങ്ങളിൽ ഏറ്റവും ഉത്തമർ ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്പെടുന്നവരാണ്' (അൽമുഅ്ജമുൽ ഔസത്). ചരിത്രം പഠിച്ചാൽ പോരാ, സമൂഹത്തിന് ഉപകാരപ്പെടുന്ന പുതിയ ചരിത്രം സൃഷ്ടിക്കുകയും വേണം.

**ചരിത്രത്തിന്റെ ഭാഗമാവുക**

മുസ്‌ലിം ചരിത്രം മനുഷ്യരാശിയുടെ മഹത്തായ പൈതൃകങ്ങളിലൊന്നാണ്. അത് വിജ്ഞാനത്തിന്റെ, നീതിയുടെ, സംസ്കാരത്തിന്റെ, ശാസ്ത്രത്തിന്റെ, ധാർമികതയുടെ, മാനവികതയുടെ ചരിത്രം കൂടിയാണ്. അതുപോലെ അത് ഒരു മുന്നറിയിപ്പിന്റെ ചരിത്രവുമാണ്. മൂല്യങ്ങൾ നഷ്ടപ്പെട്ടപ്പോൾ സാമ്രാജ്യങ്ങൾ ദുർബലമായി. വിജ്ഞാനം അവഗണിക്കപ്പെട്ടപ്പോൾ നേതൃത്വം നഷ്ടപ്പെട്ടു. ഐക്യം തകർന്നപ്പോൾ ശക്തിയും തകർന്നു. അല്ലാഹു ഒരു സമൂഹത്തെയും അതിന്റെ ഭൂതകാലത്തിന്റെ പേരിൽ ആദരിക്കുന്നില്ല. അവരുടെ വിശ്വാസത്തിന്റെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിലാണ് അല്ലാഹു അവരെ ഉയർത്തുന്നത്. ഖുർആൻ പറയുന്നു: "മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു" (ഖുർആൻ 3:110).

**നമ്മുടെ മക്കൾ ചരിത്രം പഠിക്കുന്ന തലമുറയായി മാത്രം മാറരുത്; അവർ ചരിത്രം സൃഷ്ടിക്കുന്ന തലമുറയായി മാറണം. അവർ ബാഗ്ദാദിന്റെ ഗ്രന്ഥശാലകളെക്കുറിച്ച് വായിക്കുന്നവർ മാത്രമാകരുത്; പുതിയ ഗവേഷണകേന്ദ്രങ്ങളും വിജ്ഞാനസ്ഥാപനങ്ങളും നിർമിക്കുന്ന തലമുറയാകണം. അവർ സ്വലാഹുദ്ദീന്റെ വീരകഥകൾ കേൾക്കുന്നവർ മാത്രമാകരുത്; അവർ നീതിക്കും സത്യത്തിനും മനുഷ്യ രാശിയുടെ നന്മയ്ക്കും വേണ്ടി നിലകൊള്ളുന്ന നേതാക്കളാകണം.**

'ഉത്തമ സമുദായം' എന്ന വിശേഷണം ചരിത്രത്തിലെ ഒരു തലമുറയ്ക്ക് മാത്രം നൽകിയ ബഹുമതിയല്ല. ഓരോ തലമുറയും സ്വന്തം ജീവിതത്തിലൂടെ ഉത്തമ സമുദായമാകാൻ പരിശ്രമിക്കേണ്ടതുണ്ട്.

നമുക്ക് നമ്മുടെ മഹത്തായ ഭൂതകാലത്തെക്കുറിച്ച് മാത്രം സംസാരിച്ചുകൊണ്ട് ജീവിക്കാം; അല്ലെങ്കിൽ ആ ചരിത്രം സൃഷ്ടിച്ച മൂല്യങ്ങളെ ജീവിതത്തിൽ പകർത്തി പുതിയ ചരിത്രം രചിക്കാം. നാം ഏതു വഴിയാണ് തിരഞ്ഞെടുക്കുക?

നമ്മുടെ മക്കൾ ചരിത്രം പഠിക്കുന്ന തലമുറയായി മാത്രം മാറരുത്; അവർ ചരിത്രം സൃഷ്ടിക്കുന്ന തലമുറയായി മാറണം. അവർ ബാഗ്ദാദിന്റെ ഗ്രന്ഥശാലകളെക്കുറിച്ച് വായിക്കുന്നവർ മാത്രമാകരുത്; പുതിയ ഗവേഷണകേന്ദ്രങ്ങളും വിജ്ഞാനസ്ഥാപനങ്ങളും നിർമിക്കുന്ന തലമുറയാകണം. അവർ സ്വലാഹുദ്ദീന്റെ വീരകഥകൾ കേൾക്കുന്നവർ മാത്രമാകരുത്; അവർ നീതിക്കും സത്യത്തിനും മനുഷ്യരാശിയുടെ നന്മയ്ക്കും വേണ്ടി നിലകൊള്ളുന്ന നേതാക്കളാകണം.

ചരിത്രം മഹാന്മാരെ ഓർക്കുന്നു. ചരിത്രം രചിക്കുന്നത് സ്വപ്നം കാണാൻ ധൈര്യപ്പെടുകയും വിശ്വാസത്തോടെ പ്രവർത്തിക്കുകയും മനുഷ്യരാശിക്ക് സംഭാവന നൽകുകയും ചെയ്യുന്ന തലമുറകളാണ്. ■

# സൂറ: അശ്ശുഅറാഅ്
## കവികൾ
(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَاخْفِضْ جَنَاحَكَ لِمَنِ اتَّبَعَكَ مِنَ الْمُؤْمِنِينَ ﴿٢١٥﴾

215. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്കു നിന്റെ ചിറക് താഴ്ത്തിക്കൊടുക്കുകയും ചെയ്യുക.

فَإِنْ عَصَوْكَ فَقُلْ إِنِّي بَرِيءٌ مِّمَّا تَعْمَلُونَ ﴿٢١٦﴾

216. ഇനി അവർ നിന്നെ അനുസരിക്കാതിരിക്കുന്നപക്ഷം, നിങ്ങൾ പ്രവർത്തിക്കുന്നതിനൊന്നും ഞാൻ ഉത്തരവാദിയല്ലെന്നു നീ പറഞ്ഞേക്കുക.

وَتَوَكَّلْ عَلَى الْعَزِيزِ الرَّحِيمِ ﴿٢١٧﴾

217. പ്രതാപിയും കരുണാനിധിയുമായിട്ടുള്ളവനെ നീ ഭരമേൽപിക്കുകയും ചെയ്യുക.

*215) (നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ ചിറക് താഴ്ത്തി കൊടുക്കുകയും ചെയ്യുക) സൗമ്യമായ സാന്നിധ്യം. അവരോടുള്ള സംസാരത്തിൽ ലോലതയും സ്നേഹവും പ്രകടിപ്പിച്ചാൽ താങ്കൾ അവർക്ക് ഇഷ്ടപ്പെട്ടവനാകും. സ്വഭാവം നന്നാക്കുകയും ചെയ്യുക. അവർക്ക് പരമാവധി നന്മ ചെയ്യുക. നബി അത് ചെയ്യുകയും ചെയ്തു. അതാണ് അല്ലാഹു പറഞ്ഞത്:*

فَبِمَا رَحْمَةٍ مِّنَ اللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ الْقَلْبِ لَانفَضُّوا مِنْ حَوْلِكَ ۖ فَاعْفُ عَنْهُمْ وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الْأَمْرِ ۖ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللَّهِ ۚ إِنَّ اللَّهَ يُحِبُّ الْمُتَوَكِّلِينَ ﴿١٥٩﴾

*"(നബിയേ,) അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോടു സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും അവർക്കു വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോടു കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്തുകഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്" (3:159).*

*ഇത് പ്രവാചകന്റെ ഏറ്റവും നല്ല സ്വഭാവമായിരുന്നു. അതിലൂടെ മഹത്തായ ഗുണങ്ങൾ കരസ്ഥമാക്കാനും ദോഷങ്ങൾ ഒഴിവാക്കാനും കഴിഞ്ഞു എന്ന് ആർക്കും കാണാൻ കഴിയും. അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നു എന്നു പറയുന്ന ഒരാൾ മുസ്‌ലിംകൾക്ക് ഭാരമാകുന്നത് ശരിയാണോ?*

*അതായത് പരുഷ സ്വഭാവം, കഠിനഹൃദയം, പരുഷമായ വാക്ക് എന്നിവയുള്ളവനാവുക, അവരുടെ ഭാഗത്ത് എന്തെങ്കിലും പിഴവോ മോശം പെരുമാറ്റമോ കണ്ടാൽ അവരെ ഒഴിവാക്കുകയും വെ*

റുക്കുകയും ചെയ്യുക. അത്തരം ഒരു വ്യക്തിയിൽ സൗമ്യതയില്ല. നല്ല പെരുമാറ്റമോ മര്യാദയോ ഇല്ല. ഇങ്ങനെ ആളുകളോട് ഇടപഴകുമ്പോൾ പല തിന്മകളും ഉണ്ടാകുന്നു. പല നന്മകളും തടയപ്പെടുകയും ചെയ്യുന്നു. എന്നിട്ടും ഈ സൽഗുണങ്ങളെല്ലാമുള്ള പ്രവാചകനെ അവർ നിന്ദിക്കുന്നതായി കാണുന്നു. അദ്ദേഹത്തിൽ കാപട്യവും വിട്ടുവീഴ്ചയില്ലായ്മയും ആരോപിക്കുന്നു. താൻ തികഞ്ഞവനാണെന്ന് സ്വയം വിചാരിക്കുകയും ചെയ്യുന്നു. സ്വയം ഉയർന്ന പദവിയുള്ളവനാണെന്നും തന്റെ പ്രവൃത്തികൾ അഭിനന്ദിക്കപ്പെടുന്നു എന്നും ധരിക്കുന്നു. തന്റെ മനോഭാവം തനിക്ക് ന്യായമാണെന്ന് തോന്നിപ്പിക്കുന്നു. ഇതെല്ലാം അവന് അറിവില്ലാത്തതുകൊണ്ട് പിശാച് അവനെ അലങ്കാരമായി കാണിച്ചു കൊടുക്കുന്നതും അവനെ വഞ്ചിക്കുന്നതുമാണ്.

216). അതുകൊണ്ടാണ് അല്ലാഹു തന്റെ ദൂതനോട് പറഞ്ഞത്: (ഇനി അവർ നിന്നെ അനുസരിക്കാതിരിക്കുന്ന പക്ഷം) ഏതെങ്കിലും കാര്യത്തിൽ അവർ നിന്നോട് അനുസരണക്കേട് കാണിക്കുകയാണെങ്കിൽ അവരെ നീ തള്ളിക്കളയരുത്. വിനയത്തോടെയും സൗമ്യതയോടെയും അവരോടു പെരുമാറുന്നത് നിർത്തരുത്. പകരം നിങ്ങൾ നിരാകരിക്കേണ്ടത് അവരുടെ പ്രവർത്തനങ്ങളെയാണ്. അത്തരം പ്രവൃത്തികൾ അവർ ചെയ്യുന്നത് തടയാനും പശ്ചാത്തപിക്കാനും അവരെ പ്രേരിപ്പിക്കാനും നിങ്ങൾക്ക് കഴിയുന്നത് പരമാവധി ചെയ്യുക.

وَاخْفِضْ جَنَاحَكَ لِلْمُؤْمِنِينَ

"സത്യവിശ്വാസികൾക്ക് നിന്റെ ചിറകിനെ താഴ്ത്തിക്കൊടുക്കുക" (ഹിജ്ർ: 88).

തെറ്റായ ഒരു വിചാരത്തെ തടയാനാണ് അല്ലാഹു ഇത് പറഞ്ഞത്. അവർ സത്യവിശ്വാസികൾ ആയിരിക്കുന്ന കാലത്തോളം അവർ ചെയ്യുന്നതെല്ലാം അംഗീകരിക്കപ്പെടും എന്നു വിചാരിച്ചുപോകാതിരിക്കാനാണ് അല്ലാഹു ഇതു പറഞ്ഞത്. ഈ വാക്യം കൊണ്ട് ആ സങ്കൽപം ഒഴിവാകുന്നു.

217). അല്ലാഹുവിന്റെ കൽപനകൾ ശരിയായി നിറവേറ്റാൻ ഏറ്റവും വലിയ സഹായം അവൻ അവന്റെ രക്ഷിതാവിൽ ഭരമേൽപിക്കുക എന്നതാണ്; അത് നിർവഹിക്കാൻ കഴിയുന്നതിനു വേണ്ടി




തന്റെ രക്ഷിതാവിനോട് അവൻ സഹായം തേടുക എന്നതും. അതുകൊണ്ടാണ് അല്ലാഹു ഇവിടെ തവക്കുലിനെക്കുറിച്ചു പറഞ്ഞത്. (പ്രതാപിയും കരുണ ചൊരിയുന്നവനും ആയിട്ടുള്ളവനെ നീ ഭരമേൽപിക്കുകയും ചെയ്യുക) ഗുണവും ദോഷവും വരുത്തുന്നതിൽ പൂർണമായും അല്ലാഹുവിനെ അവലംബിക്കലാണ് ഭരമേൽപിക്കൽ (തവക്കുൽ). ആവശ്യപ്പെടുന്ന കാര്യം ഉറപ്പായി ലഭിക്കുമെന്ന സൽവിചാരം ഉണ്ടായിരിക്കണം. അവൻ പ്രതാപിയും കരുണ ചൊരിയുന്നവനുമാണ്. അവന്റെ മഹത്വത്താൽ അവൻ നന്മയെത്തിക്കുകയും ദോഷം തടുക്കുകയും ചെയ്യുന്നു. അവന്റെ കരുണയാലാണ് അത് ചെയ്യുന്നത്.

# അവൾ

ഇഹ്സാന യു.പി.



പെണ്ണിനെ ചേർത്തുപിടിക്കുന്നൊരാദർശം
പുണ്യമാം ദീനിന്റെ പൊൻവെളിച്ചം.
അവൾ വെറുമൊരു നിഴലല്ല ഭൂവിൽ,
കുടുംബത്തിൻ വെള്ളിവെളിച്ചമത്രെ.

ഉമ്മയായ് മാറുമ്പോൾ പെണ്ണവൾ, തൻ
മക്കൾക്കു സ്വർഗത്തിൻ പാതയത്രെ!
മകളായ് വളരുമ്പോൾ സ്വന്തം പിതാവിന്
നരകത്തിൽ നിന്നുള്ള മറയാണവൾ.

ഇണയായി വാഴുമ്പോൾ സ്വന്തം പതിയുടെ
ദീനിന്റെ പാതിയായ് മാറിടുന്നോൾ!
അവകാശമോരോന്നവൾക്കു നൽകി
ഇസ്‌ലാം അവൾക്കേകി പദവിയേറെ

ചങ്ങലക്കെട്ടു മുറിച്ചു മാറ്റി
അറിവിന്റെ മാർഗം തുറന്നു നൽകി.
പെണ്ണവൾ വിൽപനയ്ക്കുള്ളതല്ല
കാഴ്ചയ്ക്കു വയ്ക്കുവാനുള്ളതല്ല.

മാന്യമായ് ജീവിക്കാനുണ്ടവൾക്കും
അവകാശമെന്നിസ്‌ലാം മൊഴിഞ്ഞു.
മേനിയഴകു കാണിച്ചുകൂടാ
ഏറ്റവും നന്നായ് മറച്ചിടേണം.

ആത്മാഭിമാനമതേകിടുന്നു
നൽകുന്നു ഏറെ സുരക്ഷിതത്വം.
മറച്ചു നടക്കുന്നവൾക്കില്ലാത്ത വേദന
കാണുന്നവർക്കതെന്തിനാവോ?



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi



നേർപഥം
WISDOM
ISLAMIC ORGANIZATION
പുതിയ വായനാ ലോകത്തേക്ക്
നേർപഥത്തിന്റെ
പുതിയ ചുവടുവയ്പ്പ്!
NERPATHAM | WOMEN
നേർപഥം
NERPATHAM WEEKLY FOR WOMEN
അറിയുമോ ഈ ഗ്രന്ഥത്തെ?
ഷെജീന സ്വലാഹിയ്യ
ഖുർആനിന്റെ പ്രധാന സന്ദേശം തൗഹീദാണ്. അതായത്, അല്ലാഹു ഒരേയൊരു ആരാധ്യനാണെന്നും അവനെ മാത്രമെ ആരാധിക്കാവൂ എന്നും പഠിപ്പിക്കുന്നതാണ്. അതോടൊപ്പം മനുഷ്യന്റെ ജീവിതത്തിന്റെ ലക്ഷ്യവും ഉത്തരവാദിത്തവും ഓർമിപ്പിക്കുന്നു.
NERPATHAM | WEEKLY | ENGLISH
NERPATHAM ENGLISH
NERPATHAM WEEKLY
INSPIRING MODERN
THE HOUTHIS' REACH EXTENDS TOWARDS MAKKAH
~ Raihan Shaheeb
Society must realize that, under the illusion of pro-Palestinian slogans and revolutionary politics, the approach of the Houthis, who are advancing with weapons toward Makkah, the sacred sanctuary of the world's Muslims, is not driven by security interests, but rather by ...
സ്ത്രീകൾക്കായി
എഴുത്തുകാരികൾ ഒരുക്കുന്ന
നേർപഥം WOMEN
ഇംഗ്ലീഷ്
വായനക്കാർക്കായി
NERPATHAM ENGLISH
Scan to Read
സ്കാൻ ചെയ്യൂ...
വായിക്കൂ...
പങ്കുവയ്ക്കൂ...
Scan to Read
വിജ്ഞാനം • ചിന്ത • ഇസ്‌ലാമിക വീക്ഷണം
കാലിക വിഷയങ്ങളിലെ മികച്ച ലേഖനങ്ങൾ

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 10 October 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM students
wisdomstudents

# ഇനി ടീൻസ്പേസ് കാലം

## 2026 ഒക്ടോബർ- നവംബർ

## teenspace
Higher Secondary Students Conference

#teenspace

Wisdom Students Kerala State Committee